# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 28–ാം വാർഷിക പൊതുയോഗം

## 2019 ജൂലൈ 6 ശനിയാഴ്ച 2 p.m.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 28–ാമത് വാർഷിക പൊതുയോഗം 2019 ജൂലൈ 6–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് പി.ഒ.സി.യിൽവച്ച് നടത്തപ്പെടുന്നതാണ്. സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ അബ്രഹാം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിലായിരിക്കും പൊതുയോഗം.

## കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം - **ശ്രീ. ആന്റണി പാലിമറ്റം** (വൈസ് ചെയർമാൻ, കെ.സി.ബി.എസ്.)
3. അനുസ്മരണ പ്രാർത്ഥനാശുശ്രൂഷ
4. അധ്യക്ഷപ്രസംഗം - **മോസ്റ്റ് റവ. ഡോ. അബ്രഹാം മാർ യൂലിയോസ്** (ചെയർമാൻ, കെ.സി.ബി.എസ്.)
5. റിപ്പോർട്ടുകൾ - **റവ. ഡോ. ജോൺസൺ പുതുശ്ശേരി CST** (സെക്രട്ടറി, കെ.സി.ബി.എസ്.)
6. വാർഷിക കണക്കുകൾ - **റവ. സി. ആഗ്നസ്സ് സി.റ്റി.സി.** (ട്രഷറർ, കെ.സി.ബി.എസ്.)
7. ഓഡിറ്ററുടെ നിയമനം
8. തിരഞ്ഞെടുപ്പ്
9. ചർച്ച
10. നന്ദി - **ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ** (ജോയിന്റ് സെക്രട്ടറി, കെ.സി.ബി.എസ്.)

**ശ്രീ. ആന്റണി പാലിമറ്റം**
വൈസ് ചെയർമാൻ

**റവ. ഡോ. ജോൺസൺ പുതുശ്ശേരി CST**
സെക്രട്ടറി

**റവ. സി. ആഗ്നസ്സ് C.T.C.**
ട്രഷറർ

**ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ**
ജോ. സെക്രട്ടറി

# ബൈബിൾ സൊസൈറ്റിക്കു വേണ്ടിയുള്ള പ്രാർത്ഥന

*വചനത്താൽ സർവ്വവും സൃഷ്ടിച്ച പിതാവേ, അങ്ങേക്കു സ്തുതി. മാംസം ധരിച്ച വചനമേ, അങ്ങേക്ക് ആരാധന. വചനത്തിനു കന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം പ്രദാനം ചെയ്ത പരിശുദ്ധാത്മാവേ, അങ്ങേക്കു മഹത്ത്വം.*

*'പാദത്തിനു വിളക്കും പാതയിൽ പ്രകാശവു'മായ വചനം ജീവിതവീഥിയിൽ ഞങ്ങൾക്കു വഴികാട്ടിയാകട്ടെ! തമസ്സിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽ നിന്നു സത്യത്തിലേക്കും മൃതിയിൽനിന്ന് ജീവനിലേക്കുമുള്ള ഞങ്ങളുടെ പ്രയാണത്തെ ത്വരിതപ്പെടുത്തിയാലും. തിന്മയുടെ ഗർത്തത്തിൽ നിന്നു നന്മയുടെ തീരങ്ങളിലേക്കും ദു:ഖദുരിതങ്ങളുടെ മരുഭൂമിയിൽ നിന്നു സംതൃപ്തിയുടെ നീരുറവകളിലേക്കും അസമാധാനത്തിന്റെ യുദ്ധഭൂവിൽനിന്ന് സമാധാനത്തിന്റെ പൂവാടിയിലേക്കും ഞങ്ങൾ നീങ്ങട്ടെ.*

*കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗങ്ങളെന്ന നിലയിൽ ഞങ്ങളുടെ കടമകൾ ഭംഗിയായി നിറവേറ്റുവാൻ ഞങ്ങൾക്കു കഴിയട്ടെ. വചനം വായിക്കാനും ധ്യാനിക്കാനും ഗ്രഹിക്കാനും ജീവിക്കാനും ഞങ്ങളെ പ്രചോദിപ്പിക്കണമേ. സഭാമക്കൾ എല്ലാവരും സൊസൈറ്റിയിൽ അംഗങ്ങളായി ചേരുന്നതിനും ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസസാക്ഷ്യമായി ഞങ്ങളുടെ പ്രവർത്തനങ്ങൾ മാറുന്നതിനും ഇടയാക്കണമേ. എല്ലാ സൊസൈറ്റി അംഗങ്ങളിലും സാരഥികളിലും വചനപ്രചോദിതമായ ഉണർവ്വും പ്രേഷിതതീക്ഷ്ണതയും ഉളവാക്കണമേ. തിരുവചനോപാസകരായി, പരസ്നേഹനിർഭരരായി സഭയിലും ലോകത്തിലും ഞങ്ങൾ വളരട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ.*

# 2018 ഡിസംബർ 31 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിച്ച സർക്കുലർ



കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാംസംധരിച്ച വചനമായ യേശുവിനെ എതിരേല്ക്കാനുള്ള ഒരുക്കത്തിലാണ് നാമെല്ലാം. അവിടത്തെ രക്ഷയുടെ സന്ദേശം ഏറ്റുവാങ്ങി, നാം ജീവിക്കുന്ന സമൂഹത്തിൽ ഈ സദ്വാർത്തയുടെ പ്രേഷിതരായിത്തീരാൻ യേശു നമ്മെ ക്ഷണിക്കുന്നു. തിരുപ്പിറവിയുടെ ആഘോഷം, ദൈവമക്കളായ നാം വിശുദ്ധിയിലേക്കു വളരണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്. മനുഷ്യാവതാരത്തിലൂടെ വിശുദ്ധിതന്നെയായ ദൈവം നമ്മിൽ ഒരുവനാകുക മാത്രമല്ല, വിശുദ്ധിയിലേക്കുള്ള വാതിൽ നമുക്കായി മലർക്കേ തുറന്നിടുക കൂടിയാണ് ചെയ്യുന്നത്. വിശുദ്ധിയിലേക്കുള്ള ക്രിസ്തുശിഷ്യന്റെ യാത്രയിലെ മാർഗദീപമാണ് ബൈബിൾ. ഓരോ വിശ്വാസിയും വിശുദ്ധിയിലൂടെ മുന്നേറുന്നതിന് പ്രായോഗികവും ലളിതവുമായ മാർഗങ്ങൾ നിർദേശിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ വിശുദ്ധഗ്രന്ഥവും വിശുദ്ധിയും നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കാം.

**പരിശുദ്ധനായ ദൈവവും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട ജനവും**

ബൈബിളിൽ ദൈവത്തിന്റെ സ്വഭാവം വിവരിക്കുന്ന ഏറ്റവും പ്രധാന വിശേഷണമാണ് 'പരിശുദ്ധനായവൻ'. സിംഹാസനത്തിൽ ഉപവിഷ്ടനായ കർത്താവിനു ചുറ്റും നില്ക്കുന്ന സെറാഫുകൾ 'പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ' എന്ന് ഉദ്ഘോഷിക്കുന്നത് ഏശയ്യാപ്രവാചകൻ ദർശനത്തിൽ കാണുന്നുണ്ട് (ഏശ 6,3; cf. വെളി 4,8). 'പരിശുദ്ധനായവൻ' എന്നാണ് യേശു തന്റെ അന്തിമപ്രഭാഷണത്തിൽ പിതാവിനെ വിളിക്കുന്നതും (യോഹ 17,11). ദൈവസുതനായ യേശുവിനും പുതിയ നിയമം ഈ വിശേഷണംതന്നെയാണ് നല്കുന്നത്. യേശുവാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ശിമയോൻ പത്രോസിന്റെ അധരങ്ങളിലൂടെ ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു (യോഹ 6,69). സഭകളിൽ സന്നിഹിതനായിരിക്കുന്ന ഉത്ഥിതനായ യേശുവിനെ 'പരിശുദ്ധനും സത്യവാനു'മെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നുണ്ട് (വെളി 3,7). ത്രിത്വത്തിലെ മൂന്നാമത്തെ ആളിനെ പുതിയനിയമം വിളിക്കുന്നതും 'പരിശുദ്ധാത്മാവ്' എന്നാണല്ലോ (മത്താ 1,18; മർക്കോ 1,8; ലൂക്കാ 1,15; യോഹ 20,22). പരിശുദ്ധിതന്നെയായ ത്രിയേകദൈവത്തിന്റെ രഹസ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശുദ്ധഗ്രന്ഥം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ ഏറ്റവും പ്രധാന സ്വഭാവം പരിശുദ്ധിയാണെങ്കിൽ, ഈ വിശുദ്ധിയിൽ എത്തിച്ചേരുകയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ലക്ഷ്യം. പരിശുദ്ധിതന്നെയായ ദൈവത്തിന്റെ സ്വന്തംജനം വിശുദ്ധിയിൽ വ്യാപരിക്കണമെന്ന സന്ദേശം ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. കർത്താവായ ദൈവം ഇസ്രായേൽജനത്തോട് അരുൾചെയ്യുന്നു: ''നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനാണ്'' (ലേവ്യ 19,2). ദൈവം തന്റെ ജനത്തിന്റെ മധ്യേ വസിക്കുന്നതിനാൽ അവർ വിശുദ്ധജനമായിരിക്കണമെന്ന് നിയമാവർത്തനഗ്രന്ഥവും പറയുന്നു (നിയ 7,6; 26,19; ജറെ 2,3).

പുതിയനിയമത്തിലേക്കു വരുമ്പോൾ, ദൈവജനത്തിന്റെ വിശുദ്ധിക്ക് പുതിയൊരു മാനം സിദ്ധിക്കുന്നു. മനുഷ്യാവതാരത്തിലൂടെ നമ്മിലൊരുവനായിത്തീർന്ന യേശുക്രിസ്തുവിലാണ് പുതിയ വിശുദ്ധജനം രൂപവത്കരിക്കപ്പെടുന്നത് (അപ്പ 4,30.31). നാമെല്ലാം യേശുക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും വിശുദ്ധരാകാൻ വിളിക്ക

പ്പെട്ടവരുമാണെന്ന് പൗലോസ്ശ്ലീഹാ കോറിന്തോസിലെ സഭാതനയർക്കെഴുതുന്നു (1 കോറി 1,2). ക്രിസ്തുവിൽ രൂപവത്കരിക്കപ്പെട്ട വിശ്വാസിസമൂഹത്തെ പത്രോസ് ശ്ലീഹാ വളരെ ചേതോഹരമായി വിശേഷിപ്പിക്കുന്നുണ്ട്: ''നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്'' (1 പത്രോ 2,9). യേശുവിൽ വിശ്വസിക്കുന്നതുവഴി ദൈവമക്കളാകാൻ കഴിവുലഭിക്കുന്നവരുടെ (യോഹ 1,12) മുഖമുദ്രയാണ് വിശുദ്ധി.

**ദൈവജനം വിശുദ്ധിയുടെ പാതയിൽ**

വിശുദ്ധിതന്നെയായ ദൈവം ഉടമ്പടിയിലൂടെ സ്വന്തമാക്കുന്ന ജനത്തെ (പുറ 24, 4–8) വിശുദ്ധിയിലേക്കു വിളിക്കുകയും നയിക്കുകയും ചെയ്യുന്നതിന്റെ വിവരണങ്ങൾ ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. വിശുദ്ധരുടെ ജീവിതകഥകൾ എന്നതിനെക്കാൾ ദൈവജനത്തെ വിശുദ്ധരാക്കിത്തീർക്കുന്നതിന്റെ വിവരണങ്ങളെന്ന് ബൈബിളിനെ വിളിക്കുന്നതാണ് ഉത്തമം. വിശുദ്ധഗ്രന്ഥത്തിലെ വലിയ കഥാപാത്രങ്ങൾ എന്നു നാം വിളിക്കുന്നവരുടെ ജീവിതത്തിലെ വീഴ്ചകളും കുറവുകളും ഇതിൽ പരാമർശിക്കപ്പെടുന്നുണ്ട്. പക്ഷേ, ജീവിതത്തിലെ ഈ ന്യൂനതകളെയെല്ലാം അതിജീവിച്ച്, വിശുദ്ധിയുടെ പാതയിലൂടെ അവർ മുന്നേറുന്നത് ബൈബിൾ നമ്മുടെ മുന്നിൽ ചിത്രീകരിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ കഥ ഇതിന് ഉത്തമോദാഹരണമാണ്. 'നീ ഒരു അനുഗ്രഹമായിരിക്കും' (ഉത്പ 12,2) എന്ന ദൈവികാശീർവാദം ലഭിക്കുന്ന അബ്രാഹം പിന്നീട് ദൈവത്തിന്റെ വഴികളിൽനിന്ന് ഇടറിമാറുന്നത് നാം കാണുന്നുണ്ട്. സ്വന്തം ജീവൻ രക്ഷിക്കാൻവേണ്ടി ഫറവോയുടെ മുന്നിൽ സാറാ സഹോദരിയാണെന്നു പറയാൻ അബ്രാഹം ആവശ്യപ്പെടുന്നു (ഉത്പ 12,11–16). വഞ്ചനയിലൂടെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്ന യാക്കോബിനെയും (ഉത്പ 27,18–29) ബൈബിൾ ചിത്രീകരിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ അരുവിയിലാണ് ഇവരുടെ കളങ്കങ്ങൾ കഴുകിക്കളയപ്പെടുന്നത്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവ'മെന്ന് സുവിശേഷങ്ങൾ പറയുമ്പോൾ (മത്താ 22,32; മർക്കോ 12,26; ലൂക്കാ 20,37) ദൈവം ഈ പൂർവപിതാക്കന്മാരുടെ കുറവുകൾ കഴുകി വിശുദ്ധീകരിച്ച് അവരെ തന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കി എന്നർഥം. 'സ്നേഹിതനോടെന്നപോലെ കർത്താവു മുഖാഭിമുഖം സംസാരിച്ചിരുന്നു' (പുറ 33,11) എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെടുന്നവനാണ് മോശയെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിലെ കുറവുകൾ വിശുദ്ധഗ്രന്ഥം മറച്ചുവയ്ക്കുന്നില്ല. ഒരു ഈജിപ്തുകാരനെ വധിച്ചവനും (പുറ 2,12) വാക്ചാതുരിയില്ലെന്ന ന്യായംനിരത്തി ദൈവത്തിന്റെ വിളി സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നവനുമാണ് (ഉത്പ 4,10) മോശ. ബൈബിളിലെ ഏറ്റവും മനോഹരങ്ങളായ വിവരണങ്ങളിൽ ഒന്നാണ് ദൈവത്തിൽനിന്ന് ഓടിയകലുന്ന യോനാ പ്രവാചകന്റെ കഥ (യോനാ 1,3). ജീവിതത്തിലെ വീഴ്ചകളിൽനിന്നെല്ലാം എഴുന്നേറ്റ്, കർത്താവിന്റെ വഴികളിലൂടെ ചരിച്ച് ഇവരും ബൈബിളിലെ വിശുദ്ധിയുടെ ഉദാത്ത മാതൃകകളായിത്തീരുന്നു.

പുതിയനിയമത്തിലും ഇതിനു സമാനങ്ങളായ വിവരണങ്ങളുണ്ട്. ബലഹീനതകളുടെ മനുഷ്യനായാണ് ശിഷ്യഗണത്തിൽ പ്രധാനിയായ പത്രോസ്ശ്ലീഹാ സുവിശേഷങ്ങളിൽ ഉടനീളം അവതരിപ്പിക്കപ്പെടുന്നത് (മത്താ 14,30; മർക്കോ 8,33; ലൂക്കാ 22, 57.58.60). വിജാതീയരുടെ അപ്പസ്തോലനായ പൗലോസിനെ നാം കാണുന്നതിനുമുമ്പ് (അപ്പ 13,47) സഭയെ ഉപദ്രവിച്ചിരുന്ന സാവൂളിനെയാണ് കണ്ടുമുട്ടുന്നത് (അപ്പ 8, 3). പക്ഷേ, ഇവർ ദൈവകൃപയോടു സഹകരിക്കുന്നതുവഴി വിശുദ്ധിയുടെ പടവുകൾ നടന്നുകയറുന്നതു നാം ബൈബിളിൽ വായിക്കുന്നു. മാനുഷികബലഹീനതകളുടെ ഊടുവഴിയിലൂടെ വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ നമുക്ക് ആശ്വാസവും ശക്തിയും പകരുന്നതാണ് ഈ വിശുദ്ധഗ്രന്ഥവിവരണങ്ങൾ.

ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി നമ്മുടെ വിശുദ്ധീകരണം തന്നെയാണ് (1 തെസ്സ 4,3). യേശുവാകുന്ന അടിത്തറയിൽ (1 കോറി 3,11) നമ്മുടെ ജീവിതം പണിതുയർത്തുകയെന്നതാണ് വിശുദ്ധിയെങ്കിൽ, യേശുക്രിസ്തുവിനെ അടുത്തറിയുകയാണ് നാമോരോരുത്തരും ലക്ഷ്യംവയ്ക്കേണ്ടത്. ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതതന്നെയാണെന്ന വി. ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ക്രൈസ്തവ ജീവിതത്തിൽ ബൈബിൾ വായനയ്ക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കണമെന്ന് ഇതു വ്യക്തമാക്കുന്നു. വിശുദ്ധിയിലേക്കു വളരാൻ സുവിശേഷങ്ങളിലെ യേശുവിന്റെ വചനങ്ങളിലേക്ക് നിരന്തരം തിരിയണമെന്ന് 'ആഹ്ലാദിച്ച് ആനന്ദിക്കുവിൻ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസീസ്പാപ്പ ഉദ്ബോധിപ്പിക്കുന്നുണ്ട് (GE- 109). വിശുദ്ധിയുടെ അടയാളങ്ങൾ സൂചിപ്പിക്കാൻ പരിശുദ്ധപിതാവ് ബൈബിളിലേക്കു തന്നെയാണ് തിരിയുന്നത്. ക്രൈസ്തവജീവിതത്തിൽ ബൈബിൾ വായനയ്ക്കും പഠനത്തിനും എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു. ബൈബിൾപാരായണം വിശുദ്ധിയിലേക്കുള്ള യാത്രയിൽ നമ്മെ നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. യേശുവിന്റെ വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും (ലൂക്കാ 2,51) യേശുവിനെ കുരിശിൻചുവടുവരെ അനുഗമിക്കുകയും ചെയ്ത (യോഹ 19,25) പരിശുദ്ധ മറിയം നമുക്കെല്ലാം മാതൃകയാണ്.

**കേരളസഭയും വിശുദ്ധിയിലേക്കുള്ള യാത്രയും**

കേരളസഭയെ വിശുദ്ധിയുടെ പാതയിലൂടെ നയിക്കുന്നതിൽ ദൈവവചനശുശ്രൂഷയ്ക്കുള്ള പങ്ക് നിസ്തുലമാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളിലൂടെ ദൈവവചനം സഭാമക്കളുടെ ജീവിതത്തിന്റെ അടിത്തറയാക്കി മാറ്റാൻ പരിശ്രമിക്കുന്നുണ്ട്.

ബൈബിൾ ഓരോ വിശ്വാസിക്കും ലഭ്യമാക്കുക എന്നത് വചനശുശ്രൂഷയുടെ മുഖ്യ ധർമമാണല്ലോ.കേരളം നേരിട്ട ഭയാനകമായ പ്രളയദുരന്തത്തിനുശേഷം അനേകായിരം കുടുംബങ്ങൾക്കാണ് എല്ലാം വെള്ളത്തിൽ മുങ്ങിപ്പോയതിന്റെകൂടെ ബൈബിളും നഷ്ടമായത്. ദുരിതാശ്വാസകേന്ദ്രങ്ങളിൽനിന്ന് നിരന്തരമായി വന്ന ഒരഭ്യർഥന, വീടുകളിലേക്കു തിരികെ പോകുന്നവർക്കു കൊടുത്തുവിടാൻ ബൈബിൾ എത്തിക്കുകയെന്നതായിരുന്നു. പി.ഒ.സി.ക്കായി അച്ചടിച്ചുവച്ചിരുന്ന അനേകായിരം ബൈബിളുകൾ മാത്രമല്ല, അച്ചടിശാലയും ഈ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതിനാൽ ബൈബിളുകൾ ആവശ്യക്കാർക്ക് ഉടൻതന്നെ എത്തിക്കാൻ സാധിച്ചില്ലെങ്കിലും ഈ യജ്ഞം പൂർത്തിയാക്കാൻ ബൈബിൾ കമ്മീഷൻ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് കേന്ദ്രങ്ങൾവഴി ഇവർക്കെല്ലാം കഴിയുന്നത്ര സൗജന്യമായി ബൈബിൾ നല്കുകയെന്നതാണ് കമ്മീഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിരവധി വ്യക്തികളും സംഘടനകളും ഈ പദ്ധതിക്കു സഹായഹസ്തങ്ങൾ നീട്ടുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഏതാനും വർഷങ്ങളായി, നിലവിലുള്ള പി.ഒ.സി. ബൈബിൾ, മൂലഗ്രന്ഥങ്ങൾ ആധാരമാക്കി പരിഷ്കരിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പി.ഒ.സി.യിൽ താമസിച്ച് സേവനമനുഷ്ഠിക്കുന്ന ആറു ബൈബിൾപണ്ഡിതരെയും അവരുമായി സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബൈബിൾ കമ്മീഷൻ പരിഷ്കരിച്ച പുതിയനിയമത്തിലെ ആദ്യഭാഗം 'പഠനബൈബിൾ: സുവിശേഷങ്ങൾ' എന്ന പേരിൽ പി.ഒ.സി. 2018 ജൂൺമാസം പ്രസിദ്ധീകരിച്ചു. വചനം ആഴത്തിൽ മനസ്സിലാക്കാനും ആത്മീയമായി വളരാനും ഈ പഠനബൈബിൾ ഏറെ ഉപകരിക്കും.

ഇളംപ്രായംമുതൽ ദൈവവചനം വായിക്കാനും പഠിക്കാനും സ്നേഹിക്കാനും വ

ഴിയൊരുക്കുന്ന ലോഗോസ് ക്വിസ് കേരളസഭയുടെ അഭിമാനമാണ്. ചെറുപ്പത്തിൽ ത്തന്നെ നമ്മുടെ മക്കൾ വളർത്തിയെടുക്കുന്ന ദൈവവചനത്തോടുള്ള സ്നേഹം അവരെ വിശുദ്ധിയുടെ പാതയിലൂടെ നടത്തുമെന്നതിനു സംശയമില്ല. സുവിശേഷവത്കരണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമായി കേരളത്തിനു പുറത്തുള്ള രൂപതകൾ ഈ മോഡൽ സ്വീകരിക്കാൻ താത്പര്യപ്പെടുന്നു എന്നത് ഏറെ സന്തോഷകരമാണ്. ബധിരർക്കായും ഈ വർഷം ലോഗോസ്ക്വിസ് നടത്തുകയുണ്ടായി. ശാരീരിക വൈകല്യങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റപ്പെടുന്നവർക്ക് കൂടുതൽ പരിഗണന നല്കാൻ ഇതു പ്രചോദനമേകുമെന്നു പ്രത്യാശിക്കുന്നു.

ബൈബിൾ ആഴത്തിൽ മനസ്സിലാക്കാൻ നിരവധിപേർ ആഗ്രഹിക്കുന്നതു കണക്കിലെടുത്ത്, പല രൂപതകളും ബൈബിൾകോഴ്സുകൾ സംഘടിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവരെ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ചേരാൻ പ്രോത്സാഹിപ്പിക്കണം. വിശ്വാസജീവിതം ശക്തിപ്പെടുത്താനും വിശുദ്ധിയുടെ പാതയിലൂടെ മുന്നേറാനും ഇത് ഏറെ സഹായിക്കും.

മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഡിസംബർ മാസം കേരളസഭ വചനപാരായണ മാസമായി ആചരിക്കുന്നു. എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ബൈബിൾ പ്രതിഷ്ഠനടത്തുകയും ദിവസവും കുടുംബപ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെതന്നെ, ഓരോ ഇടവകയിലും ഈ മാസത്തിൽ ബൈബിൾപ്രതിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡവചനപാരായണം നടത്തുകയും ചെയ്യണം. ബൈബിൾകമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന ബൈബിൾപാരായണ കലണ്ടർ ഉപയോഗപ്പെടുത്തി ഈ മാസം സമ്പൂർണബൈബിൾ പാരായണം സംഘടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം. കേരളത്തിൽ വിവിധയിടങ്ങളിൽ ഏതാനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകളുടെ നേതൃത്വത്തിൽ വിപുലമായ അഖണ്ഡബൈബബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനെ അഭിനന്ദിക്കുകയും ഈ മാതൃക മറ്റെല്ലാവരും പിഞ്ചെല്ലണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. ദൈവവചനപാരായണത്തിന് കേരളകത്തോലിക്കാ മെത്രാൻസമിതി പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്ന ഈ മാസം കേരളത്തിലുടനീളം ദൈവവചനത്തിന്റെ അലയടികൾ മുഴങ്ങട്ടെ. സമ്പുർണ ബൈബിൾ വായനയിൽ പങ്കുചേർന്ന്, യേശുവിനെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും വിശുദ്ധിയിൽ വളരാനും ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

കേരളകത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 30-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾപ്രേഷിതപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച യേശുവിനെ അനുഗമിച്ച് വിശുദ്ധിയിൽ വളരാൻ ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും നേർന്നുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ്പ് മോസ്റ്റ് റവ. ഡോ. എബ്രഹാം മാർ യൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ്പ് മോസ്റ്റ് റവ. ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2018 – 2019 ലെ വാർഷിക റിപ്പോർട്ട്

കേരള സഭയുടെ ബൈബിൾ പ്രേഷിതത്വമേഖലയിൽ സഭാമക്കൾക്ക് ഒന്നിച്ചുപ്രവർത്തിക്കുന്നതിന് വേദിയൊരുക്കുക എന്ന ലക്ഷ്യവുമായി 1990–ൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അതിന്റെ ജൈത്രയാത്ര തുടങ്ങിയിട്ട് 28 വർഷങ്ങൾ പിന്നിടുന്നു. കേരളസഭയിൽ സഭാമക്കളുടെ പങ്കാളിത്തത്തോടെ വിശുദ്ധഗ്രന്ഥശുശ്രൂഷയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ നടത്തിയ ബൈബിൾ സൊസൈറ്റിയുടെ 28–ാമത് വാർഷിക റിപ്പോർട്ട് ഞാനിവിടെ അവതരിപ്പിക്കട്ടെ. 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

**യോഗങ്ങൾ**

2018–2019 പ്രവർത്തനവർഷത്തിൽ വാർഷിക പൊതുയോഗവും (07 ജൂലൈ 2018) 4 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (16 ജൂൺ 2018; 07 ജൂലൈ 2018; 28 ആഗസ്റ്റ് 2018; 21 ഫെബ്രുവരി 2019) 3 മാനേജിംഗ് കൗൺസിൽ യോഗങ്ങളും (07 ജൂലൈ 2018; 07 നവംബർ 2018; 21 ഫെബ്രുവരി 2019) ചേർന്നു.

**1. എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം 16 ജൂൺ 2018**

കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം 2018 ജൂൺ 16–ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക്, വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ശ്രീമതി ജാൻസി ജേക്കബ് നയിച്ച പ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ശ്രീ. ജോസഫ് പന്തപ്ലാക്കൽ സ്വാഗതം ആശംസിച്ചു. അധ്യക്ഷപ്രസംഗത്തിൽ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം ലോഗോസ് ക്വിസ് 2017 വൻവിജയമായിരുന്നുവെന്നും എല്ലാവിഭാഗത്തിലെയും ക്വിസ് ഗുഡ്നസ് ടി.വിയിൽ സംപ്രേഷണംചെയ്യുന്നത് എല്ലാവർക്കും വലിയ പ്രചോദനമാണെന്നും എടുത്തുപറഞ്ഞു. ട്രഷറർ സി. ആഗ്നസ് ജോർജ് കഴിഞ്ഞ പ്രാവശ്യത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസാക്കി.

2018 ജൂലൈ 7ന് നടക്കുവാൻ പോകുന്ന പൊതുയോഗത്തിന്റെ ഒരുക്കങ്ങളെക്കുറിച്ചും ക്രമീകരണങ്ങളെക്കുറിച്ചും പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കേണ്ടതിന്റെ ആവശ്യകതയെയുംപറ്റി സെക്രട്ടറിയച്ചൻ സംസാരിച്ചു. സൊസൈറ്റിയുടെ മുഖമുദ്രയായി തീർന്നിരിക്കുന്ന ലോഗോസ് ക്വിസ് വളരെ വിജയകരമായി കഴിഞ്ഞ വർഷം നടന്നു. ഓരോ ഗ്രൂപ്പിനും ടെലിക്വിസ് നടത്തിയതും അത് ഇപ്പോൾ എല്ലാ തിങ്കളാഴ്ചയും ഗുഡ്നസ്സ് ടി.വിയിൽ വരുന്നതും വലിയ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ടെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

ഈ വർഷം ബധിരർക്കായി ലോഗോസ് ക്വിസ് നടത്തുന്നതിനെപ്പറ്റി സെക്രട്ടറിയച്ചൻ അഭിപ്രായം ആരാഞ്ഞു. യോഗാംഗങ്ങൾ ഇതിനോട് വളരെ അനുകൂലമായി സംസാരിച്ചു. ഇക്കാര്യം രൂപതകളിൽ അറിയിക്കുവാനും തീരുമാനിച്ചു.

ഗുഡ്നസ്സ് ടിവിയിലെ ബൈബിൾ ക്ലാസുകളുടെ ഓഡിയോ ഫയൽ സൊസൈറ്റി വെബ്സൈറ്റിൽ ചേർക്കുന്നതിനെപ്പറ്റി സെക്രട്ടറിയച്ചൻ സംസാരിച്ചു. ഫാ. ജോഷി മയ്യാറ്റിലാണ് ഇതിനു മുൻകൈ എടുക്കുന്നത്. സൊസൈറ്റി ആദ്യം തയ്യാറാക്കിയ ബൈബിൾ സിഡിയ്ക്ക് ഇപ്പോൾ ഡിമാന്റ് കുറവായതിനാൽ അതിന്റെ സ്റ്റോക്ക് വില്ക്കാനാവാതെയുള്ള സ്ഥിതിവിശേഷമാണുള്ളത്. അതിനാൽ, സിഡിയുടെ സ്റ്റോക്കിലെ തുക ഓഡിറ്ററുമായി സംസാരിച്ച് എഴുതിത്തള്ളാൻ യോഗം അനുവാദം നല്കി.

കാഞ്ഞിരപ്പിള്ളി രൂപതയിൽ നിന്നുള്ള മാനേജിംഗ് കൗൺസിൽ അംഗം അന്നമ്മ

ജോസഫ് (ലൂസി) ആണ് ഏറ്റവും കൂടുതൽ അംഗങ്ങളെ ഈ വർഷം ചേർത്തത്. അന്നമ്മ ജോസഫ് തനിക്ക് കിട്ടുന്ന കമ്മീഷൻ ഉപയോഗിച്ച് ബൈബിൾ വാങ്ങിച്ച് സൺഡേ ക്ലാസിലെ കുട്ടികൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നു. കൂടാതെ, കുട്ടികൾക്ക് വചനപഠനം സംഘടിപ്പിച്ച്, സ്വന്തം ചെലവിൽ സമ്മാനം കൊടുക്കുന്ന പദ്ധതിയും അവർ ആവിഷ്കരിച്ചിട്ടുണ്ട്. ആ പദ്ധതി പ്രകാരം വിജയികളായവർക്ക് പൊതുയോഗത്തിൽ വച്ച് കെ.സി.ബി.എസ് ന്റെ സമ്മാനം നല്കി പ്രോത്സാഹിപ്പിക്കുകയും അന്നമ്മ ജോസഫിനെ അനുമോദിക്കുകയും ചെയ്യാമെന്ന് യോഗം അഭിപ്രായപ്പെട്ടു.

ബൈബിൾ സൊസൈറ്റി ഓഫീസിൽ 13 വർഷമായി നിസ്വാർഥമായി സേവനം ചെയ്യുന്ന മനു തോമസിന്റെ വിവാഹത്തിന് സൊസൈറ്റിയിൽനിന്നും ഒരു തുക സമ്മാനമായി നൽകണമെന്ന ആലോചനയുണ്ടായി. മനുവിന്റെ സേവനത്തിന് 50000/– രൂപയെങ്കിലും സമ്മാനമായി കൊടുക്കണമെന്ന് എല്ലാവരും അഭിപ്രായപ്പെടുകയും യോഗം അത് അംഗീകരിക്കുകയും ചെയ്തു. വചന സർഗപ്രതിഭാ പുരസ്ക്കാരത്തിന് കൃതികൾ ക്ഷണിച്ചുവെന്നും പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദേശിക്കാവുന്നതാണെന്നും അച്ചൻ അറിയിച്ചു.

ഈ വർഷം മെമ്പർഷിപ്പ് ക്യാമ്പയിൻ കൂടുതൽ ഊർജസ്വലതയോടെ ചെയ്യണമെന്നും അതിന്റെകൂടെ ബൈബിൾ ക്ലാസുകൾ സംഘടിപ്പിച്ചാൽ അതിന് ബൈബിൾ സൊസൈറ്റി സാമ്പത്തികസഹായം നല്കുന്നതാണെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. മെമ്പർഷിപ്പ് ക്യാമ്പയിൻ സംഘടിപ്പിക്കുമ്പോൾ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് പരിചയപ്പെടുത്തുവാൻ സാധിക്കുമെന്നും യോഗാംഗങ്ങൾ പറഞ്ഞു.

പൊതുയോഗത്തിൽ പങ്കെടുക്കുന്നവർക്ക് സമ്മാനമായി സെബാസ്റ്റ്യൻ കുറ്റിയാനിയച്ചന്റെ 'ജൂഡായിസം' എന്ന പുസ്തകവും പുതിയതായി പ്രസിദ്ധീകരിക്കുന്ന 250/– രൂപ വിലയുള്ള പി.ഒ.സി. പുതിയനിയമം സ്റ്റഡി ബൈബിൾ 150/– രൂപ കുറച്ച് കൊടുക്കുവാനും തീരുമാനിച്ചു.

കഴിഞ്ഞവർഷത്തെ പൊതുയോഗത്തിലെ തീരുമാനമനുസരിച്ച് ഇന്റേണൽ ഓഡിറ്റർമാരെ നിയമിച്ചിരുന്നു. ഇവർ പരിശോധിച്ച 2017–18 വർഷത്തെ സൊസൈറ്റിയുടെ കണക്കിന്റെ ഓഡിറ്റ്റിപ്പോർട്ട് മീറ്റിംഗിൽ വായിച്ചു.

ബ്രെയ്‌ലി ബൈബിളിന്റെ അച്ചടിയുടെയും വിതരണത്തിന്റെയും കാര്യങ്ങൾ അന്വേഷിക്കുന്നതിന് ശ്രീ. ആന്റണി പാലിമറ്റത്തിനെ ഏല്പിച്ചു.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സെക്രട്ടറിയച്ചൻ നന്ദിപറഞ്ഞു. 4.30 മണിക്ക് ചായ സല്ക്കാരത്തോടെ മീറ്റിംഗ് അവസാനിച്ചു.

**2. എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം 7 ജൂലൈ 2018**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2018 ജൂലൈ 7–ാം തീയതി രാവിലെ 10 മണിക്ക് പി.ഒ.സി.യിൽ ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. വചനശുശ്രൂഷയിൽ കൈപിടിച്ചു നടത്തുന്ന സർവേശ്വരനോടുള്ള പ്രാർഥനയോടെ ആരംഭിച്ച യോഗത്തിൽ 8 അംഗങ്ങൾ പങ്കെടുത്തു.

റവ. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിയിൽ അധ്യക്ഷപദം അലങ്കരിക്കുന്ന വൈസ് ചെയർമാനെയും സെക്രട്ടറിയച്ചനെയും മറ്റെല്ലാ അംഗങ്ങളെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. ഊർജസ്വലതയോടെ വചനശുശ്രൂഷാരംഗത്തു പ്രവർത്തിക്കാൻ അച്ചൻ തന്റെ സ്വാഗതപ്രസംഗത്തിൽ ഏവരേയും ആഹ്വാനം ചെയ്തു. ശ്രീ. ആന്റണി പാലിമറ്റം തന്റെ അധ്യക്ഷപ്രസംഗത്തിൽ ബൈബിൾ സൊസൈറ്റി ചെയ്തുകൊണ്ടിരിക്കുന്ന ക്രിയാത്മകമായ സംരംഭങ്ങൾ ഓർമപ്പെടുത്തിക്കൊണ്ട് ലോഗോസ് ക്വിസിൽ ഈ വർഷം വിഭാവനം ചെയ്യുന്ന പുതിയ ചുവടുവയ്പുകൾ വിജയിപ്പിക്കാൻ എല്ലാവരുടെയും സഹകരണം അഭ്യർഥിച്ചു.

തുടർന്ന് ജോയിന്റ് സെക്രട്ടറി, ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ കഴിഞ്ഞ മീറ്റിംഗിലെ റിപ്പോർട്ടു വായിച്ചു. യോഗം അതു പാസാക്കി.

ഉച്ചകഴിഞ്ഞു നടക്കുന്ന ജനറൽബോഡിയിൽ അവതരിപ്പിക്കേണ്ട വിഷയങ്ങളുടെ ചർച്ചകൾക്ക് സെക്രട്ടറി, ഫാ. ജോൺസൺ പുതുശ്ശേരി നേതൃത്വം നല്കി.

1. **ബ്രെയിലി ബൈബിൾ:** വി. മത്തായിയുടെ സുവിശേഷം ഏതാനും കോപ്പികൾ ബ്രെയിലി ലിപിയിൽ അച്ചടി പൂർത്തിയായെന്നും ജനറൽബോഡിയിൽ അതു വിതരണം ചെയ്യുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

2. **ഗ്രീക്ക് – ഇംഗ്ലീഷ് – മലയാളം ഇന്റർലീനിയർ ബൈബിൾ:** കാർമൽഗിരി സെമിനാരിയിലെ ഫാ. ചാക്കോ പുത്തൻപുരക്കലിന്റെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്നു. ശ്രമകരമായ ഈ ജോലി വേഗം പൂർത്തിയാക്കി, പ്രകാശനം ചെയ്യാൻ യോഗം എല്ലാ സഹകരണവും വാഗ്ദാനം ചെയ്തു.

3. **പഠനബൈബിൾ:** പി.ഒ.സി. ബൈബിളിന്റെ പുതിയ പരിഭാഷ അടിസ്ഥാനമാക്കിയുള്ള പഠനബൈബിളിന്റെ ആദ്യവാല്യമായ സുവിശേഷങ്ങൾ വിതരണത്തിനായി തയ്യാറായി. രണ്ടാം ഭാഗമായ ലേഖനങ്ങൾ തയ്യാറാക്കി വരുന്നു.

4. **പഴയനിയമ പരിഷ്കരണം:** പഴയനിയമത്തിന്റെ പരിഷ്കരണം നന്നായി പുരോഗമിക്കുന്നു. ആദ്യഭാഗമായ പഞ്ചഗ്രന്ഥി കൂടുതൽ വിദഗ്ദാഭിപ്രായങ്ങൾക്കായി പരീക്ഷണാടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചു. പരിഷ്കരണടീമിൽ കൂടുതൽപേരെ ഉൾക്കൊള്ളിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു.

5. **ബൈബിൾ ക്ലാസ് ഓഡിയോ:** ഗുഡ്നസ്സ് ടിവിയിൽ സംപ്രേഷണം ചെയ്യുന്ന ബൈബിൾ ക്ലാസിന്റെ ഓഡിയോ ബൈബിൾ സൊസൈറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കുവാൻ ആഗ്രഹിക്കുന്നതായി സെക്രട്ടറിയച്ചൻ അറിയിച്ചു. യോഗം ഈ സംരംഭത്തെ പിന്തുണച്ചു.

6. **പുതിയ പുസ്തകങ്ങൾ:** സങ്കീർത്തനങ്ങളെ അടിസ്ഥാനമാക്കി ജോഷി മയ്യാറ്റിലച്ചനും പ്രവാചകരെക്കുറിച്ച് ആന്റണി തറേക്കടവിൽ അച്ചനും തയ്യാറാക്കുന്ന ഗ്രന്ഥങ്ങൾ സൊസൈറ്റി ഈ വർഷം പ്രസിദ്ധീകരിക്കുന്നു.

7. **ബൈബിൾ ക്ലാസുകൾ:** രൂപതകളിലുള്ള ബൈബിൾ ക്ലാസുകൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ഇടുക്കി രൂപതയിൽ ലോഗോസ് മത്സരത്തിൽ കൂടുതൽ മാർക്കുവാങ്ങുന്നവരെ സംഘടിപ്പിച്ച് ബൈബിൾ ക്ലാസ് തുടങ്ങുവാൻ ഒരുക്കങ്ങൾ നടത്തുന്ന കാര്യം ശ്രീ. ജോസഫ് പന്തപ്ലാക്കൽ അവതരിപ്പിച്ചു. ഈ സംരംഭം പ്രോത്സാഹിപ്പിക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

8. **ഹ്രസ്വചലച്ചിത്ര പരിശീലന ക്യാമ്പ്:** കെ.സി.ബി.സി. മീഡിയ കമ്മീഷനുമായി സഹകരിച്ച് ഹ്രസ്വചലച്ചിത്ര പരിശീലനക്യാമ്പ് നടത്തുവാൻ ആഗ്രഹിക്കുന്നുവെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. യുവജനങ്ങളെ മീഡിയ രംഗത്ത് പ്രവർത്തിക്കാനും ദൈവവചനാധിഷ്ഠിത ചലച്ചിത്രങ്ങൾ നിർമിക്കാനും പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.

9. **വൈദികർക്ക് ബൈബിൾ ക്ലാസ്:** വചന വ്യാഖ്യാനങ്ങളും ബൈബിൾ പഠനരംഗത്തെ നൂതനാശയങ്ങളും അജപാലന രംഗത്തുള്ളവരെ പരിചയപ്പെടുത്താൻ സൗജന്യമായി ബൈബിൾ പഠനശിബിരം നടത്തുന്നതിനെക്കുറിച്ച് സെക്രട്ടറിയച്ചൻ പറഞ്ഞു. യോഗം ഇതിനെ പിന്തുണച്ചു.

10. **ലോഗോസ് ക്വിസ്:**

a) ഹൊസൂർ, പാറശ്ശാല രൂപതകൾ ഈ വർഷം പുതുതായി ചേരുന്നു. കുവൈറ്റ്, കാനഡ, ഓസ്ട്രേലിയ തുടങ്ങി രാജ്യങ്ങളും ഇതിൽപങ്കുചേരുവാൻ താല്പര്യം പ്രകടിപ്പിക്കുന്നുവെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

b) ലോഗോസ് ക്വിസ് ഗ്രൂപ്പ് ഫൈനൽ മത്സരങ്ങൾ തുടർന്നും ടിവിക്വിസ് ആയി നടത്തുന്നത് നന്നായിരിക്കുമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

c) ഈ വർഷം പുതുതായി ബധിരർക്കായി ലോഗോസ് ക്വിസ് നടത്തുവാൻ ആഗ്രഹിക്കുന്നുവെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ഭിന്നശേഷിക്കാരുടെയിടയിലെ വചനശുശ്രൂഷയ്ക്ക് കൂടുതൽ ശ്രദ്ധ കൊടുക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

**11. ബൈബിൾ പാരായണമാസം:** ഈ വർഷവും കേരളത്തിൽ വിവിധയിടങ്ങളിൽ ബൈബിൾ പാരായണമാസം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് സെക്രട്ടറിയച്ചൻ സംസാരിച്ചു. ബൈബിൾ സൊസൈറ്റിയെക്കുറിച്ച് പറയാനും, സൊസൈറ്റി പ്രവർത്തനങ്ങൾ കൂടുതൽ പേരിൽ എത്തിക്കാനും ഇതുവഴി സാധിക്കും.

ഉച്ചകഴിഞ്ഞുള്ള ജനറൽബോഡി വിജയിപ്പിക്കാൻ എല്ലാവരുടെയും സഹകരണം സെക്രട്ടറിയച്ചൻ അഭ്യർഥിച്ചു. 11 മണിക്ക് യോഗം സമാപിച്ചു.

**3. മാനേജിംഗ് കൗൺസിൽ യോഗം 7 ജൂലൈ 2018**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ 2018 ജൂലൈ 7–ാം തീയതി രാവിലെ 11 മണിക്ക് പി.ഒ.സി.യിൽ ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രൊഫ. ആലീസുകുട്ടി പ്രാരംഭപ്രാർഥന നയിച്ചു. ഈ യോഗത്തിൽ 32 അംഗങ്ങൾ പങ്കെടുത്തു.

യോഗത്തിൽ അധ്യക്ഷപദം അലങ്കരിക്കുന്ന ശ്രീ. ആന്റണി പാലിമറ്റത്തിനും മറ്റെല്ലാ അംഗങ്ങൾക്കും ശ്രീ. സച്ചിൻ ആന്റണി സ്വാഗതമാശംസിച്ചു. ഏതാനും വർഷങ്ങൾക്കു മുമ്പ് ടിവി ക്വിസിൽ ലോഗോസ് ഫൈനൽ മാത്രം സംഘടിപ്പിച്ചിരുന്നെങ്കിൽ, ഇപ്പോൾ ഫാമിലി ക്വിസ്, ലോഗോസ് ഗ്രൂപ്പുഫൈനൽ, മെഗാഫൈനൽ എന്നിവയെല്ലാം ചേർന്ന് എട്ട് ടിവി ക്വിസ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതുവഴി ലോഗോസ് ക്വിസ് കൂടുതൽപേരിൽ എത്തുന്നുവെന്ന് ശ്രീ. ആന്റണി പാലിമറ്റം തന്റെ അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ചു. ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനസമിതി മൂന്നാം വർഷത്തിലേക്കു കടക്കുമ്പോൾ, കൂടുതൽ ഭാവാത്മകമായി വചനശുശ്രൂഷയിൽ ഏർപ്പെടാൻ അധ്യക്ഷൻ എല്ലാവരെയും ആഹ്വാനം ചെയ്തു.

തുടർന്ന് ജോയിന്റ് സെക്രട്ടറി, ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ കഴിഞ്ഞ മീറ്റിംഗിലെ റിപ്പോർട്ടു വായിച്ചു. യോഗം അതു പാസാക്കി.

ബൈബിൾ സൊസൈറ്റി ട്രഷറർ സി. ആഗ്നസ് ജോർജ് സി.റ്റി.സി. 2017–2018 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ചു. യോഗാംഗങ്ങളുടെ ചോദ്യങ്ങൾക്ക് സെക്രട്ടറിയച്ചൻ വിശദീകരണം നല്കി. ഇൻന്റേണൽ ഓഡിറ്റ് റിപ്പോർട്ട് സെക്രട്ടറിയച്ചൻ വായിച്ചു. തുടർന്നു, യോഗം റിപ്പോർട്ടു പാസാക്കി. അടുത്തുവർഷത്തേക്കുള്ള ബഡ്ജറ്റ് സെക്രട്ടറിയച്ചൻ അവതരിപ്പിച്ചു. ജനറൽ ബോഡിയിൽ പങ്കെടുക്കുന്നവർക്കു കൊടുക്കുന്ന സമ്മാന പുസ്തകങ്ങളുടെ വില മീറ്റിംഗിനുള്ള തുകയിൽ പെടുത്താതെ, "ഗിഫ്റ്റ് ബൈബിളും പുസ്തകവും" എന്ന വിഭാഗത്തിൽപ്പെടുത്തുന്നതായിരിക്കും ഉചിതമെന്ന് ശ്രീ. ഡേവിസ് എം പോൾ അഭിപ്രായപ്പെട്ടു. തുടർന്ന് യോഗം ബഡ്ജറ്റ് പാസാക്കി. ഉച്ചകഴിഞ്ഞു നടക്കുന്ന ജനറൽബോഡിയിൽ അവതരിപ്പിക്കേണ്ട വിഷയങ്ങളുടെ ചർച്ചകൾക്ക് സെക്രട്ടറി, ഫാ. ജോൺസൺ പുതുശ്ശേരി നേതൃത്വം നല്കി.

1. **ബ്രെയിലി ബൈബിൾ:** വി. മത്തായിയുടെ സുവിശേഷം ഏതാനും കോപ്പികൾ ബ്രെയിലി ലിപിയിൽ അച്ചടി പൂർത്തിയായെന്നും ജനറൽബോഡിയിൽ അതു വിതരണം ചെയ്യുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. ഈ വർഷം ബ്രെയിലി ബൈബിൾ കൂടുതൽ വിതരണം ചെയ്യുന്നതിൽ ശ്രദ്ധിക്കാൻ യോഗം തീരുമാനിച്ചു. ആലുവായിലെ 'കാത്തലിക് കോൺഗ്രഗേഷൻ ഫോർ ബ്ലൈൻഡ്' ആണ്, ഇതിന്റെ അച്ചടിക്ക് നേതൃത്വം കൊടുക്കുന്നത്.

2. **ഗ്രീക്ക് – ഇംഗ്ലീഷ് – മലയാളം ഇന്റർലീനിയർ ബൈബിൾ:** കാർമൽഗിരി സെമിനാരിയിലെ ഫാ. ചാക്കോ പുത്തൻപുരക്കലിന്റെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്നു. ശ്രമകരമായ ഈ ജോലി വേഗം പൂർത്തിയാക്കി, പ്രകാശനം ചെയ്യാൻ യോഗം എല്ലാ

സഹകരണവും വാഗ്ദാനം ചെയ്തു.

**3. പഠനബൈബിൾ:** പി.ഒ.സി. ബൈബിളിന്റെ പുതിയ പരിഭാഷ അടിസ്ഥാനമാക്കിയുള്ള പഠനബൈബിളിന്റെ ആദ്യവാല്യമായ സുവിശേഷങ്ങൾ വിതരണത്തിനായി തയ്യാറായി. രണ്ടാം ഭാഗമായ ലേഖനങ്ങൾ തയ്യാറാക്കി വരുന്നു.

4. **പഴയനിയമ പരിഷ്കരണം:** പഴയനിയമത്തിന്റെ പരിഷ്കരണം നന്നായി പുരോഗമിക്കുന്നു. ആദ്യഭാഗമായ പഞ്ചഗ്രന്ഥി കൂടുതൽ വിദഗ്ദാഭിപ്രായങ്ങൾക്കായി പരീക്ഷണാടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചു. പരിഷ്കരണടീമിൽ കൂടുതൽപേരെ ഉൾക്കൊള്ളിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു.

**5. ബൈബിൾ ക്ലാസ് ഓഡിയോ:** ഗുഡ്നസ്സ് ടിവിയിൽ സംപ്രേഷണം ചെയ്യുന്ന ബൈബിൾ ക്ലാസിന്റെ ഓഡിയോ ബൈബിൾ സൊസൈറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കുവാൻ ആഗ്രഹിക്കുന്നതായി സെക്രട്ടറിയച്ചൻ അറിയിച്ചു. യോഗം ഈ സംരംഭത്തെ പിന്തുണച്ചു. ഓഡിയോ ബൈബിൾ പ്രോജക്ടിന്റെ ചെലവിനെക്കുറിച്ച് ശ്രീ. സച്ചിൻ ആന്റണി വിശദീകരണം ചോദിച്ചു. ഒരു എപ്പിസോഡിന് 200 രൂപ മാത്രമാണ് സ്റ്റുഡിയോ ഈടാക്കുന്നതെന്നും, 600-ൽപരം ബൈബിൾ ക്ലാസിന്റെ എപ്പിസോഡുകൾ ഉണ്ടെന്നും, എല്ലാ ക്ലാസുകളും സൊസൈറ്റിയുടെ വെബ് സൈറ്റിൽ ലഭ്യമാക്കണമെന്നാണ് ആഗ്രഹമെന്നും സെക്രട്ടറിയച്ചൻ വിശദീകരിച്ചു.

**6. പുതിയ പുസ്തകങ്ങൾ:** സങ്കീർത്തനങ്ങളെ അടിസ്ഥാനമാക്കി ജോഷി മയ്യാറ്റിലച്ചനും പ്രവാചകരെക്കുറിച്ച് ആന്റണി തറേക്കടവിൽ അച്ചനും തയ്യാറാക്കുന്ന ഗ്രന്ഥങ്ങൾ സൊസൈറ്റി ഈ വർഷം പ്രസിദ്ധീകരിക്കുന്നു.

ആൽഫ ബൈബിൾ കമന്ററി സിഡി രൂപത്തിലാക്കുന്നത് അത് കൂടുതൽ പ്രചരിപ്പിക്കുമെന്നും ഉപകാരപ്രദമായിരിക്കുമെന്നും ശ്രീ. സച്ചിൻ ആന്റണി അഭിപ്രായപ്പെട്ടു. ആൽഫ ഇൻസ്റ്റിറ്റ്യൂട്ടുമായി ഈ കാര്യം സംസാരിക്കാമെന്ന് തലശ്ശേരി ബൈബിൾ അപ്പോസതലേറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ പറഞ്ഞു. ബൈബിൾ വ്യാഖ്യാനരംഗത്ത് നാം കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതിന്റെ ആവശ്യകത യോഗം ചൂണ്ടിക്കാട്ടി.

**7. ബൈബിൾ ക്ലാസുകൾ:** രൂപതകളിലുള്ള ബൈബിൾ ക്ലാസുകൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുവാൻ ഈ വർഷം ലക്ഷ്യമിടുന്നുവെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. *ലോഗോസ് ബൈബിൾ ക്ലാസ്* എന്ന പരിപാടി തുടങ്ങുന്നതിനെപ്പറ്റി ശ്രീ. ജോസഫ് പന്തപ്ലാക്കൽ സംസാരിച്ചു. ലോഗോസ് ക്വിസിൽ പങ്കെടുത്ത് ഉയർന്ന മാർക്കു വാങ്ങുന്നവരെ സംഘടിപ്പിച്ച് ഫൊറോനകൾ കേന്ദ്രീകരിച്ച് ബൈബിൾ ക്ലാസ് തുടങ്ങുകയാണു ലക്ഷ്യം. ഇടുക്കി രൂപതയിലെ ബൈബിൾ അപ്പോസ്തലേറ്റു ഡയറക്ടർ ജൂലൈ മാസത്തിൽ ഈ പ്രോഗ്രാമിനു തുടക്കം കുറിക്കുന്ന കാര്യം അദ്ദേഹം യോഗാംഗങ്ങളെ അറിയിച്ചു. കേരളത്തിലെ രൂപതകളിലെല്ലാം ഈ മാതൃക അനുകരിക്കാവുന്നതാണെന്നും ക്ലാസുകൾക്ക് സഹായങ്ങൾ നല്കുവാൻ ബൈബിൾ സൊസൈറ്റി തയ്യാറാണെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. ഈ സംരംഭം പ്രോത്സാഹിപ്പിക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

**8. ഹ്രസ്വചലച്ചിത്ര പരിശീലന ക്യാമ്പ്:** കെ.സി.ബി.സി. മീഡിയ കമ്മീഷനുമായി സഹകരിച്ച് ഹ്രസ്വചലച്ചിത്രപരിശീലനക്യാമ്പ് നടത്തുമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. യുവജനങ്ങളെ മീഡിയ രംഗത്ത് പ്രവർത്തിക്കാൻ ദൈവവചനാധിഷ്ഠിത ചലച്ചിത്രങ്ങൾ നിർമിക്കാനും പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.

**9. വൈദികർക്ക് ബൈബിൾ ക്ലാസ്:** വചന വ്യാഖ്യാനങ്ങളും ബൈബിൾ പഠനരംഗത്തെ നൂതനാശയങ്ങളും അജപാലന രംഗത്തുള്ളവരെ പരിചയപ്പെടുത്താൻ സൗജന്യമായി ബൈബിൾ പഠനശിബിരം നടത്തുന്നതിനെക്കുറിച്ച് സെക്രട്ടറിയച്ചൻ പറഞ്ഞു. യോഗം ഇതിനെ പിന്തുണച്ചു.

**10. ലോഗോസ് ക്വിസ്:**

*a) പുതിയ അംഗങ്ങൾ:* ഹൊസൂർ, പാറശ്ശാല രൂപതകൾ ഈ വർഷം പുതുതായി

ചേരുന്നു. കുവൈറ്റ്, കാനഡ, ഓസ്ട്രേലിയ തുടങ്ങി രാജ്യങ്ങളും ഇതിൽപങ്കുചേരുവാൻ താല്പര്യപ്പെടുന്നുവെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. വിദേശത്തുള്ളവർക്കുള്ള ഓൺലൈൻ ക്വിസ് കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രീ. ജോസഫ് പന്തപ്ലാക്കൽ ചൂണ്ടിക്കാട്ടി. ലോഗോസ് ക്വിസിനായി ഗൾഫിലുള്ള ഓരോ രാജ്യവും ഒരു യൂണിറ്റായി മാത്രമേ കാണാൻ സാധിക്കൂ എന്നും, അവിടെ സ്ഥിരമായ ഒരു സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതുണ്ടെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. അവർക്കായി വ്യത്യസ്ത ചോദ്യപേപ്പറും തയ്യാറാക്കേണ്ടിവരും. ഓരോ രാജ്യത്തു നിന്നും ഒന്നാംസ്ഥാനം കിട്ടുന്നവരെ ഉൾപ്പെടുത്തി അന്തർദേശീയ ലോഗോസ് ക്വിസ് സംഘടിപ്പിക്കാൻ സാധിക്കുമെന്നും സെക്രട്ടറിയച്ചൻ അഭിപ്രായപ്പെട്ടു. ഇതിനുള്ള പ്രാരംഭക്രമീകരണങ്ങൾ തുടങ്ങാൻ യോഗം നിർദേശിച്ചു.

*b) ലോഗോസ് ക്വിസ് ഗ്രൂപ്പ് ഫൈനൽ മത്സരങ്ങൾ:* ഇവ തുടർന്നും ടിവിക്വിസ് ആയി നടത്തുന്നത് നന്നായിരിക്കുമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. ബധിരർക്കായുള്ള ക്വിസ് നടത്താൻ സി. അഭയയും ഈ രംഗത്തു പ്രവർത്തിക്കുന്ന വൈദികരും സഹായിക്കാൻ തയ്യാറാണെന്ന് സെക്രട്ടറിയച്ചൻ യോഗത്തെ അറിയിച്ചു.

ടിവി ക്വിസിൽ ബസ്സർറൗണ്ടിൽ മാർക്കിനെക്കുറിച്ചുള്ള അഭിപ്രായം സെക്രട്ടറിയച്ചൻ ആരാഞ്ഞു. ചർച്ചകൾക്കുശേഷം, ബസ്സർറൗണ്ടിലെ ചോദ്യത്തിന് ശരിയുത്തരത്തിന് 10 മാർക്കും തെറ്റുത്തരത്തിന് മൈനസ്സ് 10 മാർക്കും കൊടുക്കാൻ തീരുമാനമായി.

ലോഗോസ് പ്രതിഭകളെ വീണ്ടും മത്സരിപ്പിക്കുന്നതിനെക്കുറിച്ച് ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിയിൽ സംസാരിച്ചു. ലോഗോസ് പ്രതിഭയായാൽ അത് ജീവിതകാലം ലഭിക്കുന്ന ബഹുമതിയാണെന്ന് യോഗത്തിൽ അഭിപ്രായമുണ്ടായി. ലോഗോസ് പ്രതിഭകളെ പി.ഒ.സി.യിലെ മത്സരങ്ങളിൽ ജൂറിയായി പങ്കെടുപ്പിച്ചകാര്യം സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു. മുൻതീരുമാനം പോലെ, പ്രതിഭകളെ പി.ഒ.സി.യിലെ മത്സരത്തിൽ വീണ്ടും പങ്കെടുപ്പിക്കേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

ലോഗോസിന്റെ പഠനഭാഗം നിശ്ചയിക്കപ്പെട്ടു. സംസ്ഥാനതല മത്സരത്തിന് ബൈബിൾ ഭാഗങ്ങൾക്കുപുറമേ പി.ഒ.സി. പഠനബൈബിൾ, വെളിപാട്: വായനയ്ക്കൊരു വഴികാട്ടി, വെബ്സൈറ്റിലെ പഠനസഹായി എന്നിവയുണ്ടാകും. ഫൈനൽ മത്സരങ്ങൾക്ക് ഇതുകൂടാതെ ബൈബിളിനെ സംബന്ധിച്ച പൊതുവിജ്ഞാനത്തിൽ നിന്നുമുള്ള ചോദ്യങ്ങൾ കാണും. ഫാമിലി ക്വിസിന് പൊതുവിജ്ഞാനത്തിനുള്ള ചോദ്യങ്ങൾ 'ബൈബിളും കേരളവും' എന്ന പുസ്തകത്തിൽ നിന്നായിരിക്കും.

*c) ബധിരർക്കായി ലോഗോസ് ക്വിസ്* ഈ വർഷം പുതുതായി നടത്തുന്ന സംരംഭമാണെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ഭിന്നശേഷിക്കാരുടെയിടയിലെ വചനശുശ്രൂഷയ്ക്ക് കൂടുതൽ ശ്രദ്ധ കൊടുക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

**11. ബൈബിൾ പാരായണമാസം:** ഈ വർഷവും കേരളത്തിൽ വിവിധയിടങ്ങളിൽ ബൈബിൾ പാരായണമാസം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് സെക്രട്ടറിയച്ചൻ സംസാരിച്ചു. ബൈബിൾ സൊസൈറ്റിയെക്കുറിച്ച് പറയുവാനും, സൊസൈറ്റി പ്രവർത്തനങ്ങൾ കൂടുതൽ പേരിൽ എത്തിക്കാനും ഇതുവഴി സാധിക്കും.

**12. സൗജന്യബൈബിൾ പദ്ധതി:**

a) *ബൈബിൾ അമ്പാസഡർ:* ബൈബിൾ അമ്പാസഡർ പദ്ധതി തുടരുന്നത് വഴി, അർഹർക്ക് സൗജന്യമായി ബൈബിൾ കൊടുക്കുവാൻ സാധിക്കുമെന്നും ഇതിനു തയ്യാറുള്ളവരെ നാം കണ്ടെത്തണമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

*b) പരസ്യം:* ബൈബിൾ കലണ്ടറിനു ലഭിക്കുന്ന പരസ്യത്തുക സൗജന്യമായി ബൈബിൾ വിതരണം ചെയ്യാൻ ഉപയോഗിക്കാവുന്നതാണ്.

c) രൂപതാ കേന്ദ്രങ്ങൾവഴി സൊസൈറ്റി അംഗങ്ങളെചേർക്കുമ്പോൾ, ഒരു ബൈബിൾ കൂടുതൽ നല്കുന്നതാണ്.

13. **ഹ്രസ്വചലച്ചിത്രമത്സരം:** ഈ വർഷം മത്തായിയുടെ സുവിശേഷത്തിലെ "സുവി ശേഷഭാഗ്യങ്ങൾ" അടിസ്ഥാനമാക്കിയാണ് ഹ്രസ്വചലച്ചിത്രമത്സരം. യുവജനങ്ങളെ ഇതിനായി പ്രോത്സാഹിപ്പിക്കണമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു.

14. **വചനസർഗ അവാർഡ്:** ഈ വർഷം വചനസർഗ അവാർഡിന് പരിഗണിക്കുന്നത് ബൈബിൾ ആശയങ്ങൾ പ്രചരിപ്പിക്കുന്ന സംഗീതം, നൃത്തം, ചിത്രകല, ശില്പ കല എന്നിവ അടിസ്ഥാനമാക്കിയാണെന്നും, ഇതിനായി പേരുകൾ നിർദേശിക്കാൻ മുന്നോട്ടുവരണമെന്നും സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു.

15. **ബൈബിൾ സബ്സിഡി:** ആദ്യകാലത്തെ 250 രൂപയുടെയും 500 രൂപയുടെയും അംഗത്വം അപ്ഡേറ്റ് ചെയ്യണമെന്ന മുൻപൊതുയോഗ തീരുമാനം സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു. 500 രൂപയുടെ മെമ്പർഷിപ്പ് എടുക്കുമ്പോൾ, പലിശയായി 37 രൂപ മാത്ര മാണ് ലഭിക്കുന്നത്. ഒരു വർഷം സബ്സിഡി, ബുളറ്റിൻ, സമ്മാനപുസ്തകം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി 80രൂപയോളം വരും അതിനാൽ ഈ മെമ്പർഷിപ്പുകൾ അപ്ഡേറ്റ് ചെയ്യണം. ഈ മെമ്പർഷിപ്പ് അപ്ഡേറ്റ് ചെയ്യുന്നില്ലെങ്കിൽ, രൂപതകൾ സബ്സിഡി ബൈബിൾ കൊണ്ടുപോകുമ്പോൾ 250 രൂപയുടെ മെമ്പർഷിപ്പിന് നാലിൽ ഒന്നും 500 രൂപയുടെ മെമ്പർഷിപ്പിന് രണ്ടിൽ ഒന്നും എന്ന വിധത്തിലായിരിക്കും സബ്സിഡി ബൈബിൾ കൊടുക്കുന്നത് എന്ന മുൻവർഷ തീരുമാനം നടപ്പാക്കാൻ യോഗം ആവശ്യപ്പെട്ടു.

യോഗത്തിൽ പങ്കെടുത്ത എല്ലാവരും പരസ്പരം പരിചപ്പെടുത്തുകയും പുതിയ ഡയറക്ടർമാർക്ക് സെക്രട്ടറിയച്ചൻ സ്വാഗതം ആശംസിക്കുകയും മംഗളങ്ങൾ നേരുകയും ചെയ്തു. ജനറൽബോഡി മിറ്റിംഗിൽ ശ്രീമതി അന്നമ്മ ജോസഫ് തുടങ്ങി വച്ച "മിലിറ്റസ് ക്രിസ്റ്റി" എന്ന വചനസംരംഭത്തിലെ സമ്മാനർഹരായ കുട്ടികൾക്ക് സമ്മാനം കൊടുക്കുന്നക്കാര്യം സെക്രട്ടറിയച്ചൻ യോഗത്തെ അറിയിച്ചു. പ്രോഎക്ലേസിയ എത് പൊന്തിഫിച്ചേ" എന്ന പേപ്പൽ ബഹുമതി ലഭിച്ച മാനേജിംഗ് കൗൺസിലംഗം ശ്രീ. ജോസി സേവ്യറിനെ യോഗം അനുമോദിച്ചു. എക്സിക്യൂട്ടിവ് അംഗമായ ശ്രീമതി കൊച്ചുത്രേസ്യ തിരുവനന്തപുരത്ത് ട്രെയിനിംഗ് കോളേജിന്റെ പ്രിൻസിപ്പലായി നിയ മിതയായകാര്യം സെക്രട്ടറിയച്ചൻ അറിയിക്കുകയും ഭാവുകങ്ങൾ നേരുകയും ചെയ്തു.

മീറ്റിംഗിൽ സംബന്ധിച്ച എല്ലാവർക്കും ഒരു ബൈബിളും 'പഠനബൈബിൾ – സുവിശേഷങ്ങൾ" എന്ന പുതിയ പുസ്തകത്തിന്റെ ഒരു കോപ്പിയും സമ്മാനമായി നല്കി. യോഗത്തിൽ പങ്കെടുത്തവർക്ക് ശ്രീ. ജോസഫ് പന്തപ്ലാക്കൽ നന്ദിപറഞ്ഞു. യോഗം ഒരു മണിക്ക് സമാപിച്ചു.

**4. വാർഷിക പൊതുയോഗം (07 ജൂലൈ 2018)**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 27–ാമത് വാർഷിക പൊതു യോഗം 2018 ജൂലൈ 7ന് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് പി.ഒ.സി.യിലെ ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ ബൈബിൾ സൊസൈറ്റി ചെയർമാൻ അബ്രാഹം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിൽ സി. സോജ എം. എസ് എസ് റ്റിയുടെ പ്രാർഥനാഗാനത്തോടെ ആരംഭിച്ചു. യോഗത്തിൽ 146 അംഗങ്ങൾ പങ്കെടുത്തു.

ബൈബിൾ സൊസൈറ്റി ചെയർമാൻ പിതാവിനെയും പി.ഒ.സി. ഡയറക്ടർ വർഗീസ് വള്ളിക്കാട്ടച്ചനെയും, സെക്രട്ടറിയച്ചനെയും, ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടറച്ചന്മാരെയും എക്സിക്യൂട്ടിവ് മാനേജിംഗ് കൗൺസിൽ അംഗങ്ങളെയും മറ്റെല്ലാംഗങ്ങളെയും വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം സ്വാഗതം ചെയ്തു. ലോഗോസ് സംസ്ഥാനതല ക്വിസ് മത്സരവും ബൈബിൾ പാരായണയജ്ഞവും കേര ളത്തിന്റെ വിവിധഭാഗങ്ങളിൽ സംഘടിപ്പിക്കുന്നതുവഴി സൊസൈറ്റി പ്രവർത്തനങ്ങൾ കൂടുതൽപേരിൽ എത്തിക്കാൻ കഴിഞ്ഞെന്നും, ബധിരർക്കായുള്ള ക്വിസ്, ബ്രെയിലി ബൈബിൾ, പഠനബൈബിൾ എന്നിവയിലൂടെ നൂതന രംഗങ്ങളിലേക്ക് സൊസൈറ്റി പ്രവേശിച്ചെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്ന് ബൈബിൾ സൊസൈറ്റി അംഗങ്ങളിൽനിന്ന് മരണംമൂലം വേർപ്പെട്ടുപോയവരെ അനുസ്മരിച്ചുകൊണ്ട് ചെയർമാൻപിതാവ് പ്രാർഥനാശുശ്രൂഷയ്ക്കു നേതൃത്വം നല്കി.

കേരള കത്തോലിക്കാ സഭയിൽ നടക്കുന്ന കോളിളക്കത്തെ മീഡിയ ബോധപൂർവം സഭയ്ക്കെതിരായി ഉപയോഗിച്ച് ആഞ്ഞടിക്കുമ്പോൾ കേരള സഭയിൽ ചിലർക്കെങ്കിലും ഇളക്കം തട്ടുന്നുണ്ടെന്നും, ഇളക്കമല്ല ഇരുത്തമാണ് ആവശ്യമെന്നും ഈ ഇരുത്തം ലഭിക്കുന്നത് വചനത്തിലൂടെയാണെന്നും വചനത്തെക്കുറിച്ചുള്ള വിശപ്പും ദാഹവും സഭാമക്കൾക്കുണ്ടെന്നും ഈ ദാഹത്തിനനുസരിച്ച് ബൈബിൾ സൊസൈറ്റി പ്രവർത്തിക്കണമെന്നും, ചെയർമാൻ പിതാവ് അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. തോമസ്ശ്ലീഹാ യേശുവിനെ തൊട്ടറിഞ്ഞതുപോലെ ഇന്നിവിടെ വന്നിരിക്കുന്ന അന്ധരായ ഈ സഹോദരർ ദൈവത്തിന്റെ വചനം തൊട്ടറിയാൻ പോവുകയാണെന്നു പറഞ്ഞ പിതാവ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ജോൺസനച്ചനും ടീമിനും അഭിനന്ദനങ്ങൾ അറിയിച്ചു.

ഇടവിടാതെയുള്ള വളർച്ചയുടെ പാതയിലാണ് ബൈബിൾ കമ്മീഷനും ബൈബിൾ സൊസൈറ്റിയുമെന്നും പുതുതായി പ്രസിദ്ധീകരിക്കുന്ന പഠനബൈബിൾ പ്രാർഥന ഗ്രൂപ്പുകളിലും, ബിസിസി എന്നിവിടങ്ങളിലും വചനപ്രഘോഷണ വേദിയിലും എല്ലാം വളരെ ഉപകാരപ്രദമാണെന്നും ബൈബിൾ സൊസൈറ്റിയംഗങ്ങൾ വചനപ്രഘോഷകരാണെന്നും വചനത്തിനുവേണ്ടിയുള്ള അവരുടെ എല്ലാ പ്രവർത്തനങ്ങളും പ്രശംസനീയമാണെന്നും റവ. ഫാ. വർഗീസ് വള്ളിക്കാട്ട് തന്റെ ആശംസപ്രസംഗത്തിൽ പറഞ്ഞു. സൊസൈറ്റിക്ക് എല്ലാവിധ പിന്തുണയും പി.ഒ.സിയുടെ ഭാഗത്തുനിന്ന് ഡയറക്ടറച്ചൻ വാഗ്ദാനം ചെയ്തു.

മുൻവാർഷിക പൊതുയോഗറിപ്പോർട്ട് സെക്രട്ടറി റവ. ഡോ. ജോൺസൺ പുതുശ്ശേരി അവതരിപ്പിച്ചു. യോഗം അത് പാസാക്കി. 2017–2018 സാമ്പത്തിക വർഷത്തിലെ കണക്ക് ട്രഷറർ സി. ആഗനസ് സി.റ്റി.സി. അവതരിപ്പിച്ചു. ക്യാഷ് ഇൻ ഹാൻഡ് ഒരു പൈസ വരുന്നതിനെക്കുറിച്ച് ശ്രീ. സെബാസ്റ്റ്യൻ ചോദിക്കുകയുണ്ടായി. ചില ബില്ലിലെ തുക റൗണ്ട് ഓഫ് ചെയ്യാതെ പൈസവരുന്നതുകൊണ്ടാണ് ഇങ്ങനെ വരുന്നതെന്ന് ഓഡിറ്റർ ശ്രീ. വർഗീസ് മറുപടി പറഞ്ഞു. അടുത്തവർഷം മുതൽ പൈസയുടെ കണക്ക് ഉണ്ടാവുകയില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. യോഗം കണക്ക് പാസാക്കി. 2018–2019 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് സെക്രട്ടറിയച്ചൻ അവതരിപ്പിച്ചു. യോഗം അത് പാസാക്കുകയും സൊസൈറ്റി ചെയ്യുന്ന പ്രവർത്തനങ്ങൾ തുടരാൻ അനുമതി നല്കുകയും ചെയ്തു. ബൈബിൾ സൊസൈറ്റിയുടെ ഓഡിറ്ററായി ശ്രീ. പി.സി. വർഗീസിനെ യോഗം വീണ്ടും ഓഡിറ്ററായി നിയമച്ചു.

ചെയർമാൻ പിതാവ് ബ്രെയ്ലി ബൈബിൾ വിവിധ സ്ഥലങ്ങളിൽനിന്നുള്ള 10 ഭിന്നശേഷിക്കാർക്ക് നല്കി പ്രകാശനം ചെയ്തു. വി. മത്തായിയുടെ സുവിശേഷം ഒരധ്യായം ഭിന്നശേഷിയുള്ള ബ്ര. റോബിൻ വായിക്കുകയുണ്ടായി. ബ്രെയിലി ബൈബിൾ തയ്യാറാക്കാൻ അക്ഷീണം പ്രയത്നിച്ച എല്ലാവരെയും പിതാവ് അനുമോദിക്കുകയുണ്ടായി.

2017–2018 സാമ്പത്തിക വർഷം ബൈബിൾ സൊസൈറ്റിയിലേക്ക് ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തതിനും ഏറ്റവും കൂടുതൽ തുക സമാഹരിക്കുകയും ചെയ്തതിനും ശ്രീമതി അന്നമ്മ ജോസഫ് സമ്മാനത്തിന് അർഹയായി. ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത രൂപതയായ കാഞ്ഞിരപ്പിള്ളി രൂപതാംഗങ്ങൾ ചെയർമാൻ പിതാവിൽനിന്നും 10000/– രൂപയുടെ ബൈബിളും മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ എവർറോളിംഗ് ട്രോഫിയും ഏറ്റുവാങ്ങി.

ശ്രീമതി അന്നമ്മ ജോസഫ് തന്റെ രൂപതയിൽ കുട്ടികൾക്കായി 'യേശുവിന്റെ പടയാളി' എന്ന ഒരു സംഘടന രൂപീകരിച്ചതും അതിന്റെ പ്രവർത്തനങ്ങളും യോഗാംഗ

ങ്ങൾക്ക് വിശദീകരിച്ചു. ആ സംഘടനയിൽ ബൈബിൾ ക്വിസിൽ പങ്കെടുത്ത് വിജയികളായ ഏതാനും കുട്ടികൾക്ക് യോഗത്തിൽ സമ്മാനങ്ങൾ നല്കി ആദരിച്ചു.

ചെയർമാൻപിതാവ് സ്റ്റഡി ബൈബിളിന്റെ കോപ്പികൾ രചനയ്ക്കു സഹായിച്ചവർക്കു നല്കി പ്രകാശനം ചെയ്തു. ഈ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും 250 രൂപ വിലയുള്ള സ്റ്റഡി ബൈബിൾ 100 രൂപയ്ക്ക് നല്കുകയുണ്ടായി. ജൂഡായിസം എന്ന പുസ്തകവും അവർക്കു സമ്മാനമായി നല്കി.

മാർപാപ്പയിൽ നിന്ന് പ്രോഎക്ക്ളേസിയ എത് പൊന്തിഫിച്ചിയേ എന്ന പുരസ്കാരം ലഭിച്ച അഡ്വ. ജോസി സേവ്യറിനെ ചെയർമാൻപിതാവ് പൊന്നാട നല്കി ആദരിച്ചു. കഴിഞ്ഞവർഷം ബൈബിൾ അമ്പാസഡറായ ശ്രീ. തോമസ് ഫിലിപ്പിന് പഠനബൈബിൾ നല്കി അനുമോദിച്ചു.

എപ്പോഴും എവിടെയാണെങ്കിലും ദൈവത്തോട് ചേർന്നിരിക്കാൻ വേണ്ടി അടുത്തുള്ള പള്ളിയിലെ കുർബാന സമയം, ആരാധന സമയം, കുമ്പസാരത്തിന്റെ സമയം എന്നിവ അറിയാനായി തയ്യാറാക്കിയിട്ടുള്ള റിംങ്ങിംഗ് ബെൽ എന്ന ആപ് അവതരിക്കപ്പെട്ടു.

തുടർന്ന് വിഷയങ്ങളുടെ ചർച്ചകൾക്ക് സെക്രട്ടറി, ഫാ. ജോൺസൺ പുതുശ്ശേരി നേതൃത്വം നല്കി.

1. **ബ്രെയിലി ബൈബിൾ:** ഈ വർഷം ബ്രെയിലി ബൈബിൾ കൂടുതൽ വിതരണം ചെയ്യുന്നതിൽ ശ്രദ്ധിക്കാൻ യോഗം തീരുമാനിച്ചു. ആലുവായിലെ 'കാത്തലിക് കോൺഗ്രഗേഷൻ ഫോർ ബ്ലൈൻഡ്' ആണ്. ഇതിന്റെ അച്ചടിക്ക് നേതൃത്വം കൊടുക്കുന്നത്. അവർക്കും ഇത് പ്രോത്സാഹനമായിരിക്കും.

2. **ഗ്രീക്ക് – ഇംഗ്ലീഷ് – മലയാളം ഇന്റർലീനിയർ ബൈബിൾ:** കാർമൽഗിരി സെമിനരിയിലെ ഫാ. ചാക്കോ പുത്തൻപുരക്കലിന്റെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്നു. ശ്രമകരമായ ഈ ജോലി വേഗം പൂർത്തിയാക്കി, പ്രകാശനം ചെയ്യാൻ യോഗം എല്ലാ സഹകരണവും വാഗ്ദാനം ചെയ്തു.

3. **പഠനബൈബിൾ:** പി.ഒ.സി. ബൈബിളിന്റെ പുതിയ പരിഭാഷ അടിസ്ഥാനമാക്കിയുള്ള പഠനബൈബിളിന്റെ രണ്ടാം ഭാഗമായ ലേഖനങ്ങൾ തയ്യാറാക്കി വരുന്നു. ഇടവകകളിൽ ഇതിന് പ്രചാരം കൊടുക്കണമെന്ന അഭിപ്രായമുണ്ടായി.

4. **പഴയനിയമപരിഷ്കരണം:** പഴയനിയമത്തിന്റെ പരിഷ്കരണം നന്നായി പുരോഗമിക്കുന്നു. ആദ്യഭാഗമായ പഞ്ചഗ്രന്ഥി കൂടുതൽ വിദഗ്ദാഭിപ്രായങ്ങൾക്കായി പരീക്ഷാടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചു. പരിഷ്കരണടീമിൽ കൂടുതൽപേരെ ഉൾക്കൊള്ളിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു.

5. **ബൈബിൾ ക്ലാസ് ഓഡിയോ:** ഗുഡ്നസ്സ് ടിവിയിൽ സംപ്രേഷണം ചെയ്യുന്ന ബൈബിൾ ക്ലാസിന്റെ ഓഡിയോ ബൈബിൾ സൊസൈറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കുവാൻ ആഗ്രഹിക്കുന്നതായി സെക്രട്ടറിയച്ചൻ അറിയിച്ചു. ഇത് നല്ല സംരംഭമാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

6. **പുതിയ പുസ്തകങ്ങൾ:** സങ്കീർത്തനങ്ങളെ അടിസ്ഥാനമാക്കി ജോഷി മയ്യാറ്റിലച്ചനും പ്രവാചകരെക്കുറിച്ച് ആന്റണി തറേക്കടവിൽ അച്ചനും തയ്യാറാക്കുന്ന ഗ്രന്ഥങ്ങൾ സൊസൈറ്റി ഈ വർഷം പ്രസിദ്ധീകരിക്കുന്നു.

7. **ബൈബിൾ ക്ലാസുകൾ:** രൂപതകളിലുള്ള ബൈബിൾ ക്ലാസുകൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ഇടുക്കി രൂപതയിൽ ലോഗോസ് മത്സരത്തിൽ കൂടുതൽ മാർക്കുവാങ്ങുന്നവരെ സംഘടിപ്പിച്ച് ബൈബിൾ ക്ലാസ് തുടങ്ങുവാൻ ഒരുക്കങ്ങൾ നടത്തുന്ന കാര്യം ശ്രീ. ജോസഫ് പന്തപ്ലാക്കൽ അവതരിപ്പിച്ചു. ഈ സംരംഭം പ്രോത്സാഹിപ്പിക്കണമെന്നും ബൈബിൾ പഠനവേദികൾ അധികമില്ലാത്ത രൂപതകളിൽ ഇതിന് കൂടുതൽ പ്രാധാന്യം കൊടുക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു.

**8. ഹ്രസ്വചലച്ചിത്ര പരിശീലന ക്യാമ്പ്:** കെ.സി.ബി.സി. മീഡിയ കമ്മീഷനുമായി സഹകരിച്ച് ഹ്രസ്വചലച്ചിത്രപരിശീലനക്യാമ്പ് സംഘടിപ്പിക്കുന്നുവെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. യുവജനങ്ങളെ മീഡിയ രംഗത്ത് പ്രവർത്തിക്കാൻ ദൈവവചനാധിഷ്ഠിത ചലച്ചിത്രങ്ങൾ നിർമിക്കാനും പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.

**9. വൈദികർക്ക് ബൈബിൾ ക്ലാസ്:** വചന വ്യാഖ്യാനങ്ങളും ബൈബിൾ പഠന രംഗത്തെ നൂതനാശയങ്ങളും അജപാലന രംഗത്തുള്ളവരെ പരിചയപ്പെടുത്താൻ സൗജന്യമായി ബൈബിൾ പഠനശിബിരം നടത്തുന്നതിനെക്കുറിച്ച് സെക്രട്ടറിയച്ചൻ പറഞ്ഞു.

**10. ലോഗോസ് ക്വിസ്:**

a) പുതിയ അംഗങ്ങൾ, ഹൊസൂർ, പാറശ്ശാല രൂപതകൾ ഈ വർഷം പുതുതായി ചേരുന്നു. കുവൈറ്റ്, കാനഡ, ഓസ്ട്രേലിയ തുടങ്ങി രാജ്യങ്ങളും ഇതിൽപങ്കുചേരുവാൻ താല്പര്യം പ്രകടിപ്പിച്ചുവെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

b) ലോഗോസ് ക്വിസ് ഗ്രൂപ്പ് ഫൈനൽ മത്സരങ്ങൾ തുടർന്നും ടിവിക്വിസ് ആയി നടത്തുന്നത് നന്നായിരിക്കുമെന്ന് പൊതുയോഗം അഭിപ്രായപ്പെട്ടു.

c) ഈ വർഷം പുതുതായി ബധിരർക്കായി ലോഗോസ് ക്വിസ് നടത്തുന്ന കാര്യം സെക്രട്ടറിയച്ചൻ പറഞ്ഞു. ഭിന്നശേഷിക്കാരുടെയിടയിലെ വചനശുശ്രൂഷയ്ക്ക് കൂടുതൽ ശ്രദ്ധ കൊടുക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ടവർക്കായി ടിവി ക്വിസും സംഘടിപ്പിക്കുന്നതാണ്.

**11. ബൈബിൾ പാരായണമാസം:** ഈ വർഷവും കേരളത്തിൽ വിവിധയിടങ്ങളിൽ ബൈബിൾ പാരായണമാസം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് സെക്രട്ടറിയച്ചൻ സംസാരിച്ചു. ബൈബിൾ സൊസൈറ്റിയെക്കുറിച്ച് പറയുവാനും, സൊസൈറ്റി പ്രവർത്തനങ്ങൾ കൂടുതൽ പേരിൽ എത്തിക്കാനും ഇതുവഴി സാധിക്കും.

**12. സൗജന്യബൈബിൾ പദ്ധതി:**

*a) ബൈബിൾ അമ്പാസഡർ:* ബൈബിൾ അമ്പാസഡർ പദ്ധതി തുടരുന്നത് വഴി, അർഹർക്ക് സൗജന്യമായി ബൈബിൾ കൊടുക്കുവാൻ സാധിക്കുമെന്നും ഇതിനു തയ്യാറുള്ളവരെ നാം കണ്ടെത്തണമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

*b) പരസ്യം:* ബൈബിൾ കലണ്ടറിനു ലഭിക്കുന്ന പരസ്യത്തുക സൗജന്യമായി ബൈബിൾ വിതരണം ചെയ്യാൻ ഉപയോഗിക്കാവുന്നതാണ്.

c) രൂപതാ കേന്ദ്രങ്ങൾവഴി സൊസൈറ്റി അംഗങ്ങളെചേർക്കുമ്പോൾ, ഒരു ബൈബിൾ കൂടുതൽ നല്കുന്നതാണ്.

13. **ഹ്രസ്വചലച്ചിത്രമത്സരം:** ഈ വർഷം മത്തായിയുടെ സുവിശേഷത്തിലെ "സുവിശേഷഭാഗ്യങ്ങൾ" അടിസ്ഥാനമാക്കിയാണ് ഹ്രസ്വചലച്ചിത്രമത്സരം. യുവജനങ്ങളെ ഈ മേഖലയിൽ കൂടുതൽ പ്രോത്സാഹിപ്പിക്കണമെന്ന പൊതു അഭിപ്രായമുണ്ടായി.

14. **വചനസർഗ അവാർഡ്:** ഈ വർഷം വചനസർഗ അവാർഡിന് പരിഗണിക്കുന്നത് ബൈബിൾ ആശയങ്ങൾ പ്രചരിപ്പിക്കുന്ന സംഗീതം, നൃത്തം, ചിത്രകല, ശില്പകല എന്നിവ അടിസ്ഥാനമാക്കിയാണെന്നും ഇതിനായി പേരുകൾ നിർദേശിക്കാമെന്നും സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു.

**15. ബൈബിൾ സബ്സിഡി:** ആദ്യകാലത്തെ 250 രൂപയുടെയും 500 രൂപയുടെയും അംഗത്വം  അപ്ഡേറ്റ് ചെയ്യണമെന്ന മുൻയോഗ തീരുമാനം സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു. മെമ്പർഷിപ്പ് അപ്ഡേറ്റ് ചെയ്യുന്നില്ലെങ്കിൽ, രൂപതകൾ സബ്സിഡി ബൈബിൾ കൊണ്ടുപോകുമ്പോൾ 250 രൂപയുടെ മെമ്പർഷിപ്പിന് നാലിൽ ഒന്നും 500 രൂപയുടെ മെമ്പർഷിപ്പിന് രണ്ടിൽ ഒന്നും എന്ന വിധത്തിലായിരിക്കും സബ്സിഡി ബൈബിൾ കൊടുക്കുന്നതെന്ന നിർദേശം പൊതുയോഗം അംഗീകരിച്ചു.

**മറ്റു നിർദേശങ്ങൾ:** ബൈബിൾ ഒരു മോഡൽ മതിയെന്നും അത് വിലകുറച്ച് കൊടുക്കണമെന്നും അഭിപ്രായമുണ്ടായി. ഇടവകതലത്തിൽ ബൈബിൾ സൊസൈറ്റി അംഗങ്ങൾക്ക് ബൈബിൾ ക്ലാസ് സംഘടിപ്പിക്കണമെന്നും ആൻഡ്രോയിഡ് ബൈബിളിലെ

തെറ്റുകൾ തിരുത്തണമെന്നും മെമ്പർഷിപ് കാർഡ് പ്ലാസ്റ്റിക് കാർഡ് ആക്കണമെന്നുമുള്ള നിർദേശങ്ങൾ യോഗാംഗങ്ങൾ മുന്നോട്ടുവച്ചു.

ഇടവകകളിൽ ബൈബിൾ സംബന്ധമായ പരിപാടികൾക്ക് സൊസൈറ്റി അംഗങ്ങൾ തന്നെ കൂടുതൽ മുന്നോട്ടുവരുന്നതിനെപ്പറ്റി സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു. ശ്രീമതി അന്നമ്മ ജോസഫിന്റെ മാതൃക അംഗങ്ങൾക്ക് ആവേശമാകണം. ബൈബിളിലെ അച്ചടിയിലെയും മൊബൈൽ ആപ്പിലെയും തെറ്റുകൾ കുറിച്ചുവയ്ക്കുന്നുണ്ടെന്നും പുതിയ എഡീഷനിൽ തിരുത്തുന്നതാണെന്നും, ഇതുപോലുള്ള കാര്യങ്ങൾ ഓഫീസിൽ തുടർന്നും അറിയിക്കണമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ യോഗത്തിന്റെ അധ്യക്ഷൻ അഭിവന്ദ്യ യൂലിയോസ് പിതാവിനും സെക്രട്ടറി ജോൺസനച്ചനും ട്രഷറർ സി. ആഗനസ് സി.റ്റി. സിയ്ക്കും യോഗത്തിൽ പങ്കെടുത്ത ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടറച്ചൻമാർക്കും എക്സിക്യൂട്ടിവ്, മാനേജിംഗ് കൗൺസിലംഗങ്ങൾക്കും സൊസൈറ്റി അംഗങ്ങൾക്കും ബ്ര. റോബിന്റെ നേതൃത്വത്തിൽവന്ന ഭിന്നശേഷിയുള്ളവർക്കും നന്ദി പറഞ്ഞു. യോഗത്തിൽ ശ്രീമതി ജിഷ നെല്ലിക്കൻ എം. സി. ആയിരുന്നു. യോഗം വൈകിട്ട് 4.30ന് സമാപിച്ചു. തുടർന്ന് ചായസത്ക്കാരവും ഉണ്ടായിരുന്നു.

**5. എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 28 ആഗസ്റ്റ് 2018**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2018 ആഗസ്റ്റ് 28-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് പി.ഒ.സിയിൽ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ അച്ചൻ നയിച്ച പ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു.

ബൈബിൾ സൊസൈറ്റി സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതംചെയ്തു. ശ്രീ ആന്റണി പാലിമറ്റം തന്റെ അധ്യക്ഷപ്രസംഗത്തിൽ കേരളം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രളയത്തിന്റെ ബുദ്ധിമുട്ടുകളെയും ദുരിതങ്ങളെയും അനുസ്മരിക്കുകയും പ്രളയബാധിതപ്രദേശങ്ങളിൽ കത്തോലിക്കാസഭ ചെയ്ത സേവനങ്ങളെ ശ്ലാഘിക്കുകയും ചെയ്തു. ബൈബിൾ സൊസൈറ്റിക്ക് ഈ അവസരത്തിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചർച്ച ചെയ്യാൻ അദ്ദേഹം യോഗാംഗങ്ങളെ ക്ഷണിച്ചു.

ദുരിതബാധിതപ്രദേശങ്ങളിൽ ബൈബിൾ സൊസൈറ്റി അംഗങ്ങളെന്ന നിലയിൽ നമുക്ക് ചെയ്യുവാൻ കഴിയുന്ന കാര്യങ്ങളെപ്പറ്റി സെക്രട്ടറിയച്ചൻ സംസാരിച്ചു. പല വീടുകളിലും ബൈബിൾ പോലും നഷ്ടപ്പെട്ട സാഹചര്യത്തിൽ സെപ്തംബർ 30ന് നടത്താനിരുന്ന ലോഗോസ് ക്വിസ് രൂപതാതല പരീക്ഷ വേറൊരു തീയതിയിൽ നടത്തേണ്ടതിന്റെ ആവശ്യകതയും അതുമൂലം പുതിയ രണ്ട്സെറ്റ് ചോദ്യക്കടലാസുകൾ തയ്യാറാക്കേണ്ടതിന്റെ കാര്യവും സെക്രട്ടറിയച്ചൻ വിശദീകരിച്ചു. ചങ്ങനാശ്ശേരി, കൊല്ലം, മാവേലിക്കര, തിരുവല്ല, മാനന്തവാടി, കോട്ടപ്പുറം രൂപതകളിലെ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർമാർ പരീക്ഷ നീട്ടിവയ്ക്കുവാൻ ആവശ്യപ്പെട്ട കാര്യം സെക്രട്ടറിയച്ചൻ അറിയിച്ചു. യോഗം അത് അംഗീകരിക്കുകയും 2018 ഒക്ടോബർ 14ന് മുകളിൽ പറഞ്ഞ ആറ് രൂപതകൾക്കും പരീക്ഷ നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

പ്രളയത്തിന്റെ കെടുതിയിൽ പല കുടുംബങ്ങളിലെയും ബൈബിൾ നഷ്ടപ്പെട്ടതുകൊണ്ട് അവർക്ക് പുതിയ ബൈബിൾ നൽകുന്നതിനുള്ള പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്തു. രൂപതയിലെ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ മുഖേന ബൈബിൾ സബ്സിഡി നിരക്കിലോ സൗജന്യമായോ കൊടുക്കാമെന്ന് തീരുമാനിച്ചു.

ബൈബിൾ സൗജന്യമായോ വിലക്കുറച്ചോ കൊടുക്കുവാൻ സൊസൈറ്റിയിൽനിന്ന് ഒരു തുക മാറ്റിവയ്ക്കാൻ യോഗം അനുമതി നല്കി. അഭ്യുദയകാംക്ഷികളിൽനിന്ന് സംഭാവനകൾ പിരിച്ചും ബൈബിൾ കമ്മീഷന്റെ തുക ലഭ്യമാക്കിയും പത്തുലക്ഷം രൂപയുടെ ബൈബിൾ കൊടുക്കുവാനുള്ള ലക്ഷ്യമാണ് സൊസൈറ്റിക്കുള്ളത്. ഇടവ

കകളിൽനിന്നും ബൈബിൾ സ്പോൺസർ ചെയ്യാൻ പ്രോത്സാഹിപ്പിക്കണമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

ഓരോ രൂപതയും പ്രളയബാധിത പ്രദേശങ്ങളിലെ ബൈബിൾ നഷ്ടപ്പെട്ട കുടുംബങ്ങളുടെ വിവരം അതാത് ഇടവക വികാരി മുഖേന രൂപതാഡയറക്ടറിനെ അറിയിക്കേണ്ടതും ഡയറക്ടർ ആ എണ്ണം ക്രോഡീകരിച്ച് ബൈബിൾ കമ്മീഷൻ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. രൂപതയിലെ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർമാർ മുഖേനയായിരിക്കും ബൈബിൾ ഇവിടെനിന്നും വിതരണം ചെയ്യുന്നത്.

പി.ഒ.സി. ബൈബിൾ അച്ചടിക്കുന്ന മുരിങ്ങൂരിലെ പ്രസ് വെള്ളത്തിൽ മുങ്ങിയതിനാൽ അവിടെ സ്റ്റോക്കുണ്ടായിരുന്ന ബൈബിളുകൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ രണ്ട് മാസത്തിനുശേഷമേ പി.ഒ.സി. ബൈബിൾ ലഭിക്കുകയുള്ളൂ എന്നും അച്ചൻ അറിയിച്ചു.

വെള്ളപ്പൊക്കത്തിൽ ചില ഇടവകകളിൽ എല്ലാ വീടുകളിലും വെള്ളം കയറിയെന്നും അവിടെനിന്നും ലോഗോസിന്റെ രജിസ്ട്രേഷൻ ഫീസ് ഓഫീസിൽ എത്തിക്കാൻ സാധിച്ചില്ലെന്നും ചില ഡയറക്ടർമാർ അറിയിച്ചകാര്യം സെക്രട്ടറിയച്ചൻ യോഗത്തിൽ അവതരിപ്പിച്ചു. ഈ ബുദ്ധിമുട്ട് അനുഭാവപൂർവം കണക്കിലെടുക്കണമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

ലോഗോസ് സംസ്ഥാനതല പരീക്ഷയ്ക്ക് കേരളത്തിനു പുറത്തുള്ള രൂപതകളിൽ രണ്ടായിരത്തിൽ കൂടുതൽ പങ്കാളിത്തമുണ്ടെങ്കിൽ അവിടെ പരീക്ഷ നടത്താനുള്ള സാധ്യതകൾ യോഗം ചർച്ച ചെയ്തു.

4 മണിക്ക് പ്രാർഥനയോടെ യോഗം അവസാനിക്കുകയും ചായ സത്കാരത്തോടെ പിരിയുകയും ചെയ്തു.

**6. മാനേജിംഗ് കൗൺസിൽ യോഗം 07 നവംബർ 2018**

കേരളകാത്തലിക് ബൈബിൾസൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 2018 നവംബർ 7–ാംതീയതി ഉച്ചകഴിഞ്ഞ് 3.00 ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. ശ്രീമതി ജാൻസി ജേക്കബ് നയിച്ച പ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു. സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി യോഗത്തിലേക്ക് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ലോഗോസ് ക്വിസ് ഫിനാലെ 2018ന്റെ ഒരുക്കങ്ങളെക്കുറിച്ചും വചനസർഗ അവാർഡ് നൽകുന്നതിനെക്കുറിച്ചും സെക്രട്ടറിയച്ചൻ തന്റെ സ്വാഗത പ്രസംഗത്തിൽ സൂചിപ്പിച്ചു. ഈ മാനേജിംഗ് കൗൺസിലിന്റെ അവസാനത്തെ ലോഗോസ് ക്വിസ് ആയതുകൊണ്ട് ഏറ്റവും ഭംഗിയായി നടത്തുന്നതിന് മാനേജിംഗ് കൗൺസിൽ അംഗങ്ങളെല്ലാവരും സഹകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ടാണ് സെക്രട്ടറിയച്ചൻ സ്വാഗതപ്രസംഗം അവസാനിപ്പിച്ചത്.

ബൈബിൾ സൊസൈറ്റിയുടെ പ്രധാന സംരംഭമായ ലോഗോസ് ക്വിസ്, പ്രളയസാഹചര്യത്തിനിടയിലും നന്നായി നടന്നു. ഇനിയും നടക്കേണ്ടതായ മേഖലാതല മത്സരവും ഗ്രാന്റ് ഫിനാലെയും ഏറ്റവും ഭംഗിയായി നടത്തുന്നതിന് മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ ഭാഗത്തുനിന്നും എല്ലാവിധ സഹകരണങ്ങളും വാഗ്ദാനം ചെയ്തുകൊണ്ടാണ് അധ്യക്ഷനായിരുന്ന വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം സംസാരിച്ചത്. ഈ വർഷം ബധിര–മൂകർക്കുവേണ്ടി സംസ്ഥാനതലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നത് നല്ലൊരു കാൽവെയ്പ്പാണെന്നും വൈസ്ചെയർമാൻ പറഞ്ഞു. ഈ മാനേജിംഗ്–എക്സിക്യൂട്ടിവ് കൗൺസിലിന്റെ അവസാനത്തെ ലോഗോസ് ക്വിസ് ആണെന്നും അതുകൊണ്ട് അത് കൂടുതൽ സജീവമാക്കണമെന്നും ചെയർമാൻ കൂട്ടിച്ചേർത്തു. അഖിലേന്ത്യ കാത്തലിക് യൂണിയൻ സീറോ മലങ്കരയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കൗൺസിൽ അംഗമായ ശ്രീ. തോമസ് ജോൺ തേവരേത്തിനെയും പ്രോ ലൈഫ് ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കൗൺസിൽ അംഗമായ അഡ്വ. ജോസി സേവ്യറിനെയും യോഗം അനുമോദിച്ചു.

ലോഗോസ് ക്വിസ് പരീക്ഷാ കേന്ദ്രം സന്ദർശനം നടത്തുവാൻ പോയവർ തങ്ങളുടെ അനുഭവം പങ്കുവച്ചു. ശ്രീ. മാർട്ടിൻ കൊച്ചി രൂപതയിലെ ഏഴു പള്ളികളിലും ശ്രീമതി മോളി കാച്ചപ്പിള്ളി പുത്തൻ പള്ളിയിലും പോയി. കൊച്ചാൽ സെന്റ്. ആന്റണീസ് ഇടവകയിൽ 500 ചോദ്യങ്ങൾ തയ്യാറാക്കി ഇടവകയിൽ കൊടുത്താണ് ലോഗോസിന് ആളുകളെ ഒരുക്കിയതെന്നും ശ്രീമതി മോളി പറഞ്ഞു. അഡ്വ. ജോസി സേവ്യർ നാലു പരീക്ഷാകേന്ദ്രങ്ങൾ സന്ദർശിച്ചു. നമ്മുടെ സാന്നിധ്യം അവർ വളരെ സന്തോഷത്തോടെ സ്വാഗതം ചെയ്തുവെന്നും അദ്ദേഹം പറഞ്ഞു. ശ്രീ. ആന്റണിയും ജോൺസണച്ചനും മൂഴിക്കുളം ഫൊറോനയിലെ പള്ളികൾ സന്ദർശിച്ചു.

ഈ വർഷത്തെ വചനസർഗ അവാർഡ് ദാനത്തെക്കുറിച്ച് സെക്രട്ടറിയച്ചൻ സംസാരിച്ചു. ബൈബിൾ അധിഷ്ഠിതമായ കലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഈ മേഖലയിൽ നൽകിയിട്ടുള്ള സംഭാവനകൾക്കാണ് അഭിവന്ദ്യ പുന്നക്കോട്ടിൽ പിതാവിന്റെ ബഹുമാനാർഥമുള്ള വചനസർഗ അവാർഡ് ഈ വർഷം നല്കുന്നത്. തലശ്ശേരി അതിരൂപതാംഗവും ഇരിട്ടി സ്വദേശിയുമായ സിബിച്ചനെയാണ് അവാർഡിനായി ജൂറി നിശ്ചയിച്ചിരിക്കുന്നതെന്നും അറിയിച്ചു. സംഗീതജ്ഞനും ഗുഡ്നസ് റ്റി.വി, ശാലോം റ്റി.വി. എന്നിവയിൽ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള അദ്ദേഹം ഓഡിയോ ബൈബിളിലെ 150 സങ്കീർത്തനങ്ങളും ചിട്ടപ്പെടുത്തിയിട്ടുണ്ട്.

11–11–2018ന് മേഖലാക്വിസിന് പോകുന്നവരുടെ പേരുകൾ തീരുമാനിച്ചു.

കോഴിക്കോട് – ശ്രീ. ആന്റണി പാലിമറ്റം, ബിജു, ഡേവിഡ് എം പോൾ, പി.ഒ.സി. യിൽ നിന്നുള്ള രണ്ടു സിസ്റ്റേഴ്സ്.

കൊല്ലം – ജിസ്മോൻ തുടിയൻപ്ലാക്കൽ, മനു തോമസ്, സച്ചിൻ ആന്റണി, ബിനു, മോഹനൻ പിള്ള, തോമസ് ജോൺ തേവരേത്ത്.

ആലുവ – ഫാ. ജോൺസൺ, സി. ആഗ്നസ് ജോർജ്, ബിജോയ്, പി.ഒ.സി.യിൽ നിന്നുള്ള സിസ്റ്റേഴ്സ്, ലീനു, അനു.

നവംബർ 24ന് ഫമിലിയ ക്വിസും ഗ്രൂപ്പ് ഫൈനൽ ക്വിസും നടത്തുന്നതുകൊണ്ട് കൂടുതൽ ആളുകളെ സഹായത്തിന് വേണ്ടിവരുമെന്നും മാനേജിംഗ് കൗൺസിലിലെ എല്ലാവരും സഹകരിക്കണമെന്നും അച്ചൻ ആവശ്യപ്പെട്ടു.

നവംബർ 25–ാം തീയതി ലോഗോസ് ക്വിസിന്റെ സമ്മാനവേദിയിൽ വച്ച് ബൈബിൾ കമ്മീഷൻ നടത്തിയ ലൂമെൻ ഷോർട്ട് ഫിലിമിന്റെ സമ്മാനവും സാഹിത്യരചനാ മത്സരത്തിന്റെ സമ്മാനവും നല്കുന്നതാണെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. പ്രളയത്തിൽ ബൈബിൾ നഷ്ടപ്പെട്ടവർക്ക് ബൈബിൾ വിതരണം നടത്തുന്നതിനെപ്പറ്റി ചർച്ചകൾ നടന്നു. പരമാവധി ബൈബിൾ സൗജന്യമായി കൊടുക്കണം എന്ന് അഭിപ്രായമുണ്ടായി. ഏകദേശം 10000 ബൈബിൾ എങ്കിലും ആവശ്യമായിവരുമെന്നും അതിന് ഏതെങ്കിലും പദ്ധതികളോ സ്പോൺസർ ചെയ്യുന്നവരെയോ കണ്ടുപിടിക്കേണ്ടതുണ്ടെന്നും അഭിപ്രായമുണ്ടായി. ശ്രീമതി. ജാൻസി ജേക്കബ് ഇടവകകളിൽനിന്നും ഇതിനായി സംഭാവനകൾ സമാഹരിക്കാൻ നേതൃത്വം കൊടുക്കുന്നുണ്ടെന്നും മാനേജിംഗ് കൗൺസിൽ അംഗങ്ങളെല്ലാവരും ഇതിൽ സഹകരിക്കണമെന്നും സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു.

വൈകീട്ട് 4.30ന് പ്രാർഥനയോടെ യോഗം സമാപിച്ചു. ചായ സത്കാരത്തിനുശേഷം എല്ലാവരും പിരിഞ്ഞു.

**6. എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2019 ഫെബ്രുവരി 21**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം 2019 ഫെബ്രുവരി 21–ാം തീയതി ഉച്ചകഴിഞ്ഞ് 1.30ന് പി.ഒ.സി.യിൽ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. ശ്രീമതി ജാൻസി ജേക്കബ് നയിച്ച പ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു.

യോഗത്തിലേക്ക് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം എല്ലാവരെയും

സ്വാഗതം ചെയ്തു. ഈ എക്സിക്യൂട്ടീവ് കമ്മിറ്റി സൊസൈറ്റിക്കുവേണ്ടി ചെയ്ത പ്രവർത്തനങ്ങൾ വിജയമായിരുന്നു എന്ന് അനുസ്മരിച്ചു. മൂന്നു മേഖലകളിലായി നടത്തിയ ലോഗോസ് ക്വിസ് വഴി കൂടുതൽപേർ പരീക്ഷകളിൽ പങ്കെടുക്കുകയും സൊസൈറ്റിയെയും അതിന്റെ പ്രവർത്തനങ്ങളെയും തിരിച്ചറിയുകയും ചെയ്തുവെന്ന് ശ്രീ. ആന്റണി പാലിമറ്റം പറയുകയുണ്ടായി.

സൊസൈറ്റിയുടെ ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ 28.08.2018ൽ നടന്ന മീറ്റിംഗിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അതു പാസാക്കി.

സൊസൈറ്റി സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി ലോഗോസ് ക്വിസ് 2018ന്റെ കണക്ക് അവതരിപ്പിച്ചു. 2 ലക്ഷം രൂപ അധികച്ചെലവാണ് വന്നിരിക്കുന്നതെങ്കിലും സൊസൈറ്റിയുടെ ഒരു വലിയ സംരംഭമായതുകൊണ്ട് ഇങ്ങനെതന്നെ തുടരട്ടെ എന്ന് യോഗം അഭിപ്രായപ്പെട്ടു. ലോഗോസിന്റെ രജിസ്ട്രേഷൻ ഫീസ് കൂട്ടുന്നതിനെപ്പറ്റി ചർച്ചയുണ്ടായപ്പോൾ, കെ.സി.ബി.സി മീറ്റിംഗിൽ തീരുമാനിക്കാതെ അതു നടപ്പിലാക്കാൻ സാധിക്കില്ലയെന്നും പല സ്ഥലത്തും ഫാമിലി യൂണിറ്റുകാരും അധ്യാപകരുമൊക്കെയാണ് രജിസ്ട്രേഷൻ ഫീസ് നല്കുന്നതെന്നും ഇതിൽനിന്നും ലാഭം പ്രതീക്ഷിക്കേണ്ട എന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

ലോഗോസ് ക്വിസ് മേഖലാതലത്തിൽ മത്സരങ്ങൾ ഒരു ക്രമീകരണത്തിൽ ആയി കഴിഞ്ഞു എന്നും ടിവി ക്വിസ് കൂടുതൽ സംഘടിപ്പിക്കുന്നത് ബുദ്ധിമുട്ടേറിയതാണെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. ടി.വി. ക്വിസ് ഗ്രൂപ്പു മത്സരങ്ങൾ നടത്തണമോയെന്ന് മാനേജിംഗ് കൗൺസിലിൽ ചർച്ച ചെയ്യാം എന്ന അഭിപ്രായമുണ്ടായി. ലോഗോസിന്റെ പഠനഭാഗത്തെക്കുറിച്ച് ചോദിച്ച സംശയങ്ങൾക്ക് സെക്രട്ടറിയച്ചൻ മറുപടി നല്കി.

ഓരോ ഇടവകയിൽനിന്നും ലോഗോസ് ക്വിസിന് ഫസ്റ്റ് കിട്ടുന്നവരെ പങ്കെടുപ്പിച്ചുകൊണ്ട് മത്സരം നടത്തുന്നത് നന്നായിരിക്കുമെന്ന് ശ്രീ. ജോസഫ് പന്തപ്ലാക്കൽ അഭിപ്രായപ്പെട്ടു. പ്രളയത്തോടനുബന്ധിച്ച് ബൈബിൾ നഷ്ടപ്പെട്ടവർക്ക് ബൈബിൾ വിതരണം ചെയ്യുന്നതിനുവേണ്ടി ആകെ ലഭിച്ചത് 20100/–രൂപ മാത്രമാണെന്നും 8 ലക്ഷം രൂപയുടെ ബൈബിൾ കൊടുത്തുകഴിഞ്ഞു എന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

ബൈബിൾ സൊസൈറ്റിയിൽ പുതിയ അംഗങ്ങളെ ചേർക്കുന്ന കാര്യത്തിൽ കുറച്ചുകൂടി ശ്രദ്ധ കമ്മിറ്റി അംഗങ്ങൾക്ക് ഉണ്ടാകണമെന്ന് അച്ചൻ ഓർമിപ്പിച്ചു.

കാത്തലിക് ബൈബിൾ ഫെഡറേഷൻ ഇന്റർനാഷണൽ മീറ്റിംഗ് ഏപ്രിൽ മാസത്തിൽ റോമിൽ നടക്കുകയാണ് എന്നും ബൈബിൾ കമ്മീഷൻ അതിൽ അംഗമായതിനാൽ സെക്രട്ടറിയച്ചൻ അതിൽ ഔദ്യോഗികമായി പങ്കെടുക്കുന്നതാണെന്നും അറിയിച്ചു.

ലോഗോസ് മത്സരത്തിന് മത്സരാർഥികളുടെ എണ്ണവും ലോഗോസിൽ പങ്കെടുക്കുന്ന, കേരളത്തിന് പുറത്തുള്ള രൂപതകളുടെ എണ്ണവും കൂടിയിട്ടുണ്ട് എന്ന് വിലയിരുത്തലുണ്ടായി.

നന്ദി പ്രകാശനത്തോടെ മീറ്റിംഗ് അവസാനിച്ചു.

**7. മാനേജിംഗ് കൗൺസിൽയോഗം 21 ഫെബ്രുവരി 2019**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽയോഗം 21.02.2019 വ്യാഴാഴ്ച 2.30 ന് ചെയർമാൻ മോസ്റ്റ് റവ. ഡോ. അബ്രാഹം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. സി. ആഗ്നസ് ജോർജ് നയിച്ച പ്രാർഥനയോടെ യോഗം ആരംഭിച്ചു.

സൊസൈറ്റിയുടെ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം യോഗത്തിലേക്ക് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പ്രളയത്തോടനുബന്ധിച്ച് വലിയ കർമപദ്ധതികൾക്കും ഈ വർഷം മനോഹരമായ ലോഗോസ് ക്വിസിനും സൊസൈറ്റിക്കു നേതൃത്വം കൊടുക്കാൻ കഴിഞ്ഞു. കഴിഞ്ഞകാലപ്രവർത്തനങ്ങൾ വിലയിരുത്താനും പുതിയ പദ്ധതികൾ വിഭാവനം ചെയ്യാനുമുള്ള യോഗമാണ് ഇതെന്നും ശ്രീ. ആന്റണി പാലി

മറ്റം അഭിപ്രായപ്പെട്ടു. രൂപതാ ഡയറക്ടർമാരുടെ സജീവ സാന്നിധ്യത്തിന് നന്ദിപറഞ്ഞുകൊണ്ടാണ് ഡയറക്ടർമാരെ സ്വാഗതം ചെയ്തത്. ലോഗോസ് ക്വിസിന് ഇവർ നല്കുന്ന സേവനം വളരെ വിലപ്പെട്ടതാണെന്നും ശ്രീ. ആന്റണി പാലിമറ്റം കൂട്ടിച്ചേർത്തു.

അധ്യക്ഷപ്രസംഗത്തിൽ ഡമാസ്ക്കസ് സംഭവം അനുസ്മരിച്ചുകൊണ്ടാണ് പിതാവ് സംസാരിച്ചത്. നിങ്ങൾ കണ്ടതിനും കേട്ടതിനും സാക്ഷികളാകുക എന്ന വചനം ബൈബിൾ സൊസൈറ്റിയിൽ പ്രവർത്തിക്കുന്നവരെ സംബന്ധിച്ചിടത്തോളം വളരെ അർഥവത്താണ്. ദൈവവചനത്തിന് ഒരിക്കലും പരാജയം ഉണ്ടാവുകയില്ല. വചനത്തിന് സാക്ഷികളാകാൻ നമുക്ക് ശ്രമിക്കാം എന്ന് പിതാവ് യോഗാംഗങ്ങളെ ആഹ്വാനം ചെയ്തു. ബൈബിൾ വിതരണം ധാരാളമായി കേരളത്തിൽ നടന്നുകഴിഞ്ഞു. ഇനി നമുക്ക് ചെയ്യാനുള്ളത് നമ്മുടെ ഇടവകകളിൽ ചെറിയ ഗ്രൂപ്പിനെയാണെങ്കിലും ആധികാരികമായി ബൈബിൾ പഠിപ്പിക്കുവാനുള്ള ക്രമീകരണങ്ങളാണ്. വചനത്തോടുള്ള ദാഹം ആളുകളിൽ ഉള്ളപ്പോൾ അത് വളർത്തിയെടുക്കേണ്ടത് നമ്മുടെ കടമയാണ്. നമ്മുടെ രൂപതകളിലും ഇടവകകളിലും വചനപ്രഘോഷണവും പഠനവും ആഴപ്പെടേണ്ടിയിരിക്കുന്നു എന്ന് അഭിവന്ദ്യപിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ പറയുകയുണ്ടായി.

സൊസൈറ്റിയുടെ ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ 2018 നവംബർ 7–ാം തീയതി നടന്ന മീറ്റിംഗിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം റിപ്പോർട്ട് പാസാക്കി.

റിപ്പോർട്ട് വായനക്കുശേഷം അജണ്ട പ്രകാരമുള്ള കാര്യങ്ങളിലേക്ക് കടന്നു. ആദ്യം ലോഗോസ് ക്വിസ് 2018ന്റെ വരവ് ചെലവ് കണക്കുകൾ സെക്രട്ടറിയച്ചൻ അവതരിപ്പിച്ചു. 201414/– രൂപ അധികചെലവുണ്ട്. ലോഗോസ് രജിസ്ട്രേഷൻ ഫീസ് 19 കൊല്ലം മുൻപ് നിശ്ചയിച്ചതുതന്നെയാണ് ഇപ്പോഴും വാങ്ങിക്കുന്നത്. ചെലവുകൾ പരമാവധി കുറച്ചുകൊണ്ടാണ് ഇപ്പോഴും നടത്തുന്നത്. കലണ്ടർ പ്രിന്റിംഗിൽ 184000/– രൂപ ചെലവാകുന്നതിനാൽ സ്പോൺസർഷിപ്പിന് ആരെയെങ്കിലും കണ്ടെത്തണമെന്ന് ശ്രീ. ഡേവിസ് എം പോൾ അഭിപ്രായപ്പെട്ടു. കമ്മിറ്റി അംഗങ്ങൾ പരസ്യം സംഘടിപ്പിക്കാൻ നേരത്തേ തീരുമാനമായത് സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു. സൊസൈറ്റിയുടെ അറിയപ്പെടുന്ന ഏറ്റവും വലിയ പ്രവർത്തനമായ ലോഗോസ് ക്വിസ് ഇപ്പോഴുള്ളതുപോലെ നടക്കട്ടെയെന്നും താങ്ങാൻ പറ്റാത്ത ചെലവ് വരുമ്പോൾ കെ.സി.ബി.സി. യിൽ അവതരിപ്പിക്കാമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

ലോഗോസ് 2019ന്റെ പാഠഭാഗങ്ങൾ കഴിഞ്ഞ മീറ്റിംഗിൽ തീരുമാനിച്ചതു തന്നെയാണ് എന്ന് അച്ചൻ അറിയിച്ചു. ലോഗോസ് ക്വിസിലെ പഴയനിയമഭാഗത്തിലെ ചില ചോദ്യങ്ങൾ വളരെ ബുദ്ധിമുട്ട് ഉണ്ടാക്കി എന്ന് ശ്രീ. ഡേവിസ് എം പോൾ അഭിപ്രായപ്പെട്ടു. ലോഗോസ് ക്വിസിന്റെ ചോദ്യത്തിന്റെ മോഡൽ മാറ്റുന്നതിനെപ്പറ്റി ചിന്തിക്കുന്നുണ്ടെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. രൂപതകളിലെ അച്ചൻമാർ വളരെ ആത്മാർഥമായി ലോഗോസ് ക്വിസിനോട് സഹകരിക്കുന്നതിന് പ്രത്യേകം നന്ദി പറഞ്ഞു. പുതിയതായി ചാർജെടുത്ത ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരെ മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്ക് പരിചയപ്പെടുത്തി. രാവിലെ നടന്ന ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെ മീറ്റിംഗിലെ തീരുമാനങ്ങൾ സെക്രട്ടറിയച്ചൻ അറിയിച്ചു. 2019ലെ ബൈബിൾ കലോത്സവത്തിന്റെ മത്സരയിനങ്ങളെപ്പറ്റിയും ലോഗോസ് ക്വിസ് 2019ന് ഗ്രൂപ്പു ഫൈനൽ ടി വി ക്വിസ്, ഫമീലിയ ക്വിസ് എന്നിവ മാറ്റുവാൻ ചിന്തിക്കുന്നതും അതിന്റെ കാരണങ്ങളും ജോൺസനച്ചൻ അറിയിച്ചു.

ലോഗോസ് ക്വിസിന് ഇടവകയിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്നവരെ പരിഗണിക്കണമെന്നും അവർക്കായി രൂപതാടിസ്ഥാനത്തിൽ ഒരു മത്സരം കൂടി നടത്തണമെന്ന ആശയം ഉണ്ടായി. ചില രൂപതകളിൽ കൂടുതൽ മാർക്ക് കിട്ടുന്നവരെ പങ്കെടുപ്പിച്ചുകൊണ്ട് മത്സരം നടത്തുന്നുണ്ട്. രൂപതകൾ ലോഗോസിന്റെ റിസൽറ്റ്

പ്രഖ്യാപിക്കുമ്പോൾ ഒരേ സ്ഥലത്ത് വിവിധ രൂപതകളുടെ പള്ളികൾ ഉള്ളപ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രീ. ജോസഫ് പന്തപ്ലാക്കൽ ചൂണ്ടിക്കാട്ടി. എല്ലാ രൂപതകളിലും രജിസ്ട്രേഷൻ ജോലി ചെയ്യുന്നവർക്ക് ഒരു ക്ലാസ് കൊടുക്കണമെന്നു പല ഡയറക്ടർമാരും ആവശ്യപ്പെട്ടു.

പ്രളയത്തിൽ ബൈബിൾ നഷ്ടമായവർക്ക് ബൈബിൾ കൊടുക്കാൻ പദ്ധതി ഉണ്ടാക്കിയെങ്കിലും എക്സിക്യൂട്ടിവ് അംഗം ശ്രീമതി ജാൻസി ജേക്കബ് വഴി 20100/– രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും എന്നാൽ ഇതുവരെ 8,19,865 രൂപയുടെ ബൈബിൾ വിതരണം ചെയ്തു കഴിഞ്ഞു എന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. കലോത്സവം ഇല്ലാതിരുന്നതുകൊണ്ട് ബൈബിൾ കമ്മീഷനിലെ സംഭാവനകളാണ് ഇതിനുപയോഗിച്ചത്.

മെമ്പർഷിപ്പ് കാമ്പയിൻ പ്രളയംമൂലം പ്ലാൻ ചെയ്ത പല പള്ളികളിലും കഴിഞ്ഞ വർഷം നടത്താൻ കഴിഞ്ഞില്ല. മെമ്പർഷിപ്പ് കുറവുള്ള ഇടവകകളിൽ കാമ്പയിൻ സംഘടിപ്പിക്കുവാൻ എല്ലാവരും പരിശ്രമിക്കണം എന്നും അച്ചൻ അറിയിച്ചു.

ഓഡിയോ ബൈബിളിന്റെ ക്ലാസുകൾ ഗുഡ്നസ് ടി വിയിൽ ഉള്ളത് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ജോഷി മയ്യാറ്റിലച്ചന്റെ സങ്കീർത്തനക്ലാസുകൾ ഇപ്പോൾ കേൾക്കാൻ സാധിക്കും. പി.ഒ.സി. ഓഡിയോ ബൈബിൾ കേൾക്കാൻ സഹായിക്കുന്ന പുതിയ ഓഡിയോപ്ലെയർ ഇറക്കുന്ന കാര്യത്തെക്കുറിച്ച് രണ്ടു ഗ്രൂപ്പുകൾ വന്ന് അനുവാദം ചോദിച്ച കാര്യം അച്ചൻ മീറ്റിംഗിൽ അവതരിപ്പിച്ചു. നിയമപരമായ കാര്യങ്ങൾ വ്യക്തമാക്കി തീരുമാനമെടുക്കാമെന്ന് യോഗം അഭിപ്രായപ്പെട്ടു.

അന്തർദേശീയ ബിബ്ലിക്കൽ ഫെഡറേഷന്റെ മീറ്റിംഗിന് റോമിൽ പോകുന്ന കാര്യം അച്ചൻ അറിയിക്കുകയുണ്ടായി. തിരുവനന്തപുരം, നെയ്യാറ്റിൻകര, കോതമംഗലം, വരാപ്പുഴ, കാഞ്ഞിരപ്പള്ളി, ഇടുക്കി, തിരുവല്ല തുടങ്ങിയ രൂപതകളിൽ ബൈബിൾ പഠന ക്ലാസുകൾ നന്നായി സംഘടിപ്പിക്കുന്നു. ചെറിയ രൂപതകൾ ബൈബിൾ ക്ലാസോ സെമിനാറോ നടത്തുവാൻ ഫണ്ട് ആവശ്യമുണ്ടെങ്കിൽ പരിഗണിക്കാമെന്നും അച്ചൻ അറിയിച്ചു.

ബൈബിൾ പണ്ഡിതരുടെ ഫോറം രൂപീകരിക്കുവാൻ (കെ.ബി.എഫ്) ആഗ്രഹിക്കുന്നതായി അച്ചൻ പറഞ്ഞു. കെ.സി.ബി.സിയുടെ കീഴിൽ ബൈബിൾ കോളേജ് തുടങ്ങുന്നതിനെപ്പറ്റി ചർച്ചചെയ്തെങ്കിലും അത് ഇവിടെ പ്രായോഗികമല്ല എന്ന് അഭിപ്രായമുണ്ടായി.

കലോത്സവത്തെപ്പറ്റി രാവിലെ നടന്ന ഡയറക്ടേഴ്സ് മീറ്റിംഗിലെ തീരുമാനങ്ങൾ അച്ചൻ യോഗത്തിൽ പങ്കുവച്ചു. കൂടുതൽ തുക ചെലവുള്ള ഇനമായ ഗ്രൂപ്പ് ഡാൻസ് വേണ്ട എന്ന് നേരത്തെ തീരുമാനിച്ചിരുന്നു. നാടകവും തെരുവുനാടകവും ഉണ്ടായിരിക്കും. ഇതിന് സ്ഥാനങ്ങൾക്കുപകരം ഗ്രേഡ് ആയിരിക്കും നല്കുന്നത്. പല രൂപതകളിലെയും പിതാക്കന്മാർ ആവശ്യപ്പെട്ടിരിക്കുന്നത് പ്രശ്നങ്ങൾ ഉണ്ടാക്കുന്ന മത്സരങ്ങൾ വേണ്ട എന്നാണെന്ന് അച്ചൻ പറഞ്ഞു. ചികിത്സയിലായിരിക്കുന്ന അഡ്വ. ജോസി സേവ്യറിനെ പ്രാർഥനയിൽ സ്മരിക്കണമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. മീറ്റിംഗിൽ അധ്യക്ഷം വഹിച്ച പിതാവിനും മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും ശ്രീമതി കൊച്ചുത്രേസ്യ സൈമൺ നന്ദിയർപ്പിച്ചു.

4 മണിക്ക് പ്രാർഥനയോടെ മീറ്റിംഗ് അവസാനിച്ചു. ചായ സത്കാരത്തിനുശേഷം എല്ലാവരും പിരിഞ്ഞു.

## പ്രവർത്തന റിപ്പോർട്ട്

ബൈബിൾ വിഷയത്തിൽ അല്മായർക്ക് ആഴമേറിയ പരിജ്ഞാനം നല്കുകയെന്ന ലക്ഷ്യത്തോടെ മെയ് മാസത്തിൽ ബൈബിൾ കോഴ്സുകൾ സംഘടിപ്പിച്ചു. മെയ് 28 –29 തീയതികളിലായി യോഹന്നാന്റെ സുവിശേഷം ആസ്പദമാക്കി ഫാ. ജോൺസൺ പുതുശ്ശേരി ക്ലാസുകൾ നയിച്ചു. മെയ് 26–ാം തീയതി ബൈബിൾ കറസ്പോണ്ടൻസ്

കോഴ്സിന്റെ കോണ്ടാക്റ്റ് ക്ലാസ് സംഘടിപ്പിക്കുകയും കോഴ്സ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ നല്കുകയും ചെയ്തു. ഡോ. സിറിയക് വലിയകുന്നുംപുറത്ത് പഴയനിയമത്തിലെ സാമുവലിന്റെ ഗ്രന്ഥങ്ങളെക്കുറിച്ച് ക്ലാസുകൾ എടുത്തു. ബൈബിൾ സൊസൈറ്റി അംഗങ്ങളെ സൗജന്യമായാണ് ഈ കോഴ്സുകളിൽ പങ്കെടുപ്പിച്ചത്.

കേരളത്തിനുപുറത്ത് പുതിയതായി രൂപംകൊണ്ട ഹൊസൂർ രൂപതയുടെയും കേരളത്തിലെ പുതിയ രൂപതയായ പാറശ്ശാലയിലെയും ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുമായി ചർച്ചകൾ നടത്തുകയും ലോഗോസ് പരീക്ഷയുടെ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

കാത്തലിക് കോൺഗ്രിഗേഷൻ ഫോർ ബ്ലൈൻഡ് നടത്തുന്ന പ്രസ് സന്ദർശിച്ച് സുവിശേഷങ്ങളുടെ കൂടുതൽ കോപ്പികൾ അടിക്കാൻ ക്രമീകരണങ്ങൾ നടത്തുകയും ജൂലൈ മാസത്തിലെ ജനറൽ ബോഡി മീറ്റിംഗിൽ അവ വിതരണം ചെയ്യുകയും ചെയ്തു. കൂടുതൽ പുസ്തകങ്ങൾ അച്ചടിക്കാൻ ക്രമീകരണങ്ങൾ ചെയ്തു.

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ പരിഷ്കരിച്ച പുതിയനിയമം അടിസ്ഥാനമാക്കി തയ്യാറാക്കിയ 'സുവിശേഷങ്ങൾ – പഠനബൈബിൾ' 2018 ജൂണിലെ കെ.സി. ബി.സി മീറ്റിംഗിൽ അഭിവന്ദ്യ സൂസൈപാക്യം പിതാവ് പ്രകാശനം ചെയ്തു. 2019 മാർച്ചിൽ ഇതിന്റെ രണ്ടാം പ്രിന്റ് ഇറങ്ങി.

പി.ഒ.സിയിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന ബുധനാഴ്ച ബൈബിൾ ക്ലാസുകൾ ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ അഭിവന്ദ്യ പീറ്റർ അബീർ പിതാവ് ജൂൺ 6–ാം തീയതി ഉദ്ഘാടനം ചെയ്തു. 109 പേർ ഈ വർഷം കോഴ്സിന് രജിസ്റ്റർ ചെയ്തു.

2018 ലെ ലോഗോസ് ബൈബിൾ ക്വിസിനുള്ള ക്രമീകരണങ്ങൾ നടത്തുകയും പോസ്റ്ററുകളും രജിസ്ട്രേഷൻ ഫോമുകളും എല്ലാ രൂപതകൾക്കും അയച്ചുകൊടുക്കുകയും ചെയ്തു. പാറശ്ശാല, ഹൊസൂർ രൂപതകൾ പുതിയതായി മത്സരത്തിൽ പങ്കെടുത്തു.

ലോഗോസിന്റെ ആദ്യഘട്ടമായ രൂപതാതല പരീക്ഷകൾ സെപ്റ്റംബർ 30–ാം തീയതി നടന്നു. കേരളത്തെ നടുക്കിയ പ്രളയത്തിൽ ഏതാനും രൂപതകൾ കൂടുതൽ ദുരിതമനുഭവിച്ചതിനാൽ, എട്ടു രൂപതകൾക്കു വേണ്ടി പ്രത്യേകമായി ക്വിസ് മത്സരം ഒക്ടോബർ 14–ാം തീയതി നടത്തി. രൂപതാതല മത്സര കേന്ദ്രങ്ങൾ സന്ദർശിച്ച് പ്രോത്സാഹനം നല്കാനും വിലയിരുത്താനും മാനേജിംഗ് കൗൺസിൽ അംഗങ്ങൾ വലിയ താല്പര്യമാണ് കാണിച്ചത്. വീടും ബൈബിളുമെല്ലാം നഷ്ടപ്പെട്ടിട്ടും ആവേശത്തോടെ വചന പഠന ക്വിസിൽ പങ്കെടുത്തവർ പ്രത്യേക പ്രശംസ അർഹിക്കുന്നു. സംസ്ഥാനതല മത്സരങ്ങൾ നവംബർ 11–ാം തീയതി കോഴിക്കോട്, ആലുവ, കൊല്ലം എന്നീ കേന്ദ്രങ്ങളിൽവച്ചു നടന്നു. മാനേജിംഗ് കൗൺസിൽ അംഗങ്ങളും പി. ഒ.സിയിലെ സ്റ്റാഫും പരീക്ഷകൾക്ക് നേതൃത്വം നല്കി. കൊല്ലം, കോഴിക്കോട് രൂപതകളിലെ ഡയറക്ടർമാരുടെ നേതൃത്വം പ്രശംസനീയമായിരുന്നു. ഈ വർഷവും ഗ്രൂപ്പു ഫൈനൽ മത്സരങ്ങൾ ടിവി ക്വിസ് ആയി സംഘടിപ്പിച്ചു. മെഗാ ഫൈനൽ ക്വിസും ഫാമിലി സംസ്ഥാനഫൈനലും കൂടാതെ, ഈ വർഷം പുതിയതായി ബധിരർക്കായി സംസ്ഥാനതലമത്സരവും ടി വി ഫൈനലും സംഘടിപ്പിച്ചു. ഭിന്നശേഷിയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുവാൻ ഇതുവഴി സാധിക്കുന്നു. ടിവി ക്വിസ് മത്സരങ്ങൾക്ക് ആറ് ക്വിസ് മാസ്റ്റർമാർ നേതൃത്വം നല്കി. ലോഗോസ് പ്രതിഭകളായവർ ക്വിസ് മത്സരങ്ങളുടെ ജൂറിയായി സഹായിച്ചത് ഏറെ പ്രയോജനകരമായിരുന്നു. ഗുഡ്നെസ് ടി വിയിൽ ഡിസംബർ മാസം മുതൽ ഈ മത്സരങ്ങൾ സംപ്രേഷണം ചെയ്തുവരുന്നു. വളരെയേറെപേർ ഈ മത്സരങ്ങൾ കാണുന്നുവെന്നത് നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനപ്രിയമാകുന്നതിന്റെ അടയാളമാണ്.

ലോഗോസ് പ്രതിഭാക്വിസിൽ കോതമംഗലം രൂപതയിലെ ശ്രീമതി റോസ് മേരി ജിജിയും ഫാമിലി ക്വിസിൽ ആലപ്പുഴയിൽനിന്നുള്ള മോസസ്സ് ഫാമിലിയും ബധിരർക്കായുള്ള ക്വിസിൽ തലശ്ശേരി അതിരൂപതയിലെ പോൾ ഡേവിഡും ഒന്നാം സ്ഥാനം കരസ്ഥമാക്കി. നവംബർ 24-ാം തീയതി ഫാമിലി ക്വിസ് ഫൈനൽ ജേതാക്കൾക്ക് ബൈബിൾ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ അബ്രഹാം മാർ യൂലിയോസ് സമ്മാനങ്ങൾ നല്കി. ഈ മീറ്റിംഗിൽ 2019ലെ ബൈബിൾ സൊസൈറ്റി കലണ്ടറും ഡോ. ആന്റണി തറേക്കടവിൽ രചിച്ച "പ്രവാചകപഥങ്ങളിലൂടെ" എന്ന പുസ്തകവും പിതാവ് പ്രകാശനം ചെയ്തു. ലോഗോസ് പരീക്ഷയിൽ പങ്കെടുത്തവർക്ക് ഡോ. ജോഷി മയ്യാറ്റിൽ രചിച്ച "സങ്കീർത്തന സപര്യയും" ഡോ. ആന്റണി തറേക്കടവിലിന്റെ "പ്രവാചകപഥങ്ങളിലൂടെ", ഡോ. സി. തെരേസ നടുപടവിലിന്റെ "പഴയനിയമത്തിലെ ചരിത്രവഴികൾ" സമ്മാനമായി നല്കി.

നവംബർ 25-ാം തീയതി നടന്ന മീറ്റിംഗിൽ ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ അഭിവന്ദ്യ പീറ്റർ അബീർ പിതാവ് ലോഗോസ് ജേതാക്കൾക്ക് സമ്മാനങ്ങൾ നല്കി. ഈ വർഷം വചനസർഗ പുരസ്കാരം ലഭിച്ച ശ്രീ. സിബിച്ചന് 25000 രൂപയും പുരസ്കാരവും അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് പിതാവ് നല്കി. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച ലൂമെൻ ഷോർട്ട് ഫിലിം മത്സരത്തിലെ ജേതാക്കൾക്കും ഈ മീറ്റിംഗിൽ സമ്മാനങ്ങൾ നല്കി. ഇടവക-സ്ഥാപനതലങ്ങളിൽ നടന്ന മത്സരത്തിൽ തൃശൂർ കാൽവരി ആശ്രമത്തിലെ ഫാ. രജ്ഞിത്ത് കപ്പുച്ചിൻ സംവിധാനം ചെയ്ത "ദയാലു" ഒന്നാം സമ്മാനത്തിന് അർഹമായി. കെ. സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച അഖിലകേരള സാഹിത്യരചനാ മത്സരത്തിലെ ജേതാക്കൾക്കും ഈ മീറ്റിംഗിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

2018-ൽ കേരള ജനതയെ ദുരിതങ്ങളുടെ കയത്തിലേക്കു തള്ളിവിട്ട മഹാപ്രളയത്തിൽ ബൈബിൾ നഷ്ടപ്പെട്ടവർക്ക് ബൈബിൾ കമ്മീഷൻ 8,19,865/- രൂപയുടെ ബൈബിളുകൾ നല്കി. ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ 20100 രൂപ ഇതിനായി സമാഹരിച്ചു.

സെപ്റ്റംബർ 14-16 തീയതികളിലായി മീഡിയ കമ്മീഷനുമായി സഹകരിച്ച് ഷോർട്ട് ഫിലിം ട്രെയിനിംഗ് ക്യാമ്പ് നടത്തി. രൂപതകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവർ ഇതിൽ പങ്കെടുത്തു. സിനിമാ മേഖലയിലെ പ്രഗത്ഭരായവരാണ് കോഴ്സിന് നേതൃത്വം കൊടുത്തത്. ബൈബിൾ കമ്മീഷനാണ് ഇതിന്റെ ചെലവ് വഹിച്ചത്.

ബൈബിൾ പാരായണ മാസത്തോടനുബന്ധിച്ച് ഈ വർഷവും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപതാ ബൈബിൾ അപ്പോസ്തലേറ്റുമായി സഹകരിച്ച് അഖണ്ഡ വചന പാരായണം സംഘടിപ്പിച്ചു. ഡിസംബർ 1-ാം തീയതി പാറശ്ശാലയിൽ അഭിവന്ദ്യ തോമസ് മാർ യൂസേബിയൂസ് വചന പാരായണമാസം ഉത്ഘാടനം ചെയ്തു. തുടർന്നുള്ള ആഴ്ചകളിൽ മൂവാറ്റുപുഴ രൂപതയിൽ അബ്രാഹം മാർ യൂലിയോസ് പിതാവും, ചങ്ങനാശ്ശേരി അതിരൂപതയിൽ മാർ ജോസഫ് പെരുന്തോട്ടം പിതാവും വചനപാരായണ ആഘോഷത്തിന് തിരിതെളിച്ചു. കെ.സി.ബി.സിയുടെ വചനപാരായണമാസം കോഴിക്കോട് രൂപതയിലെ ചുണ്ടേൽ ഇടവകയിൽവച്ച് അഭിവന്ദ്യ വർഗീസ് ചക്കാലക്കൽ പിതാവിന്റെ കുർബാനയോടെ സമാപിച്ചു. ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ നിസ്വാർഥമായ സഹകരണം ഈ യജ്ഞത്തിൽ ഉണ്ടായിരുന്നു.

ഇടുക്കി, കോതമംഗലം, കാഞ്ഞിരപ്പിള്ളി രൂപതകളിൽ ബൈബിൾ അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ ബൈബിൾ കമ്മീഷനുമായി സഹകരിച്ച് ബൈബിൾ കോഴ്സുകൾ ആരംഭിച്ചു. ഇടുക്കി രൂപതയിലെ വെള്ളയാംകുടി ഇടവകയിൽ ബൈബിൾ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ അബ്രാഹം മാർ യൂലിയോസ് ബൈബിൾ കോഴ്സ് ഉദ്ഘാടനം ചെയ്തു. കോതമംഗലം രൂപതയിൽ വിവിധ സെന്ററുകളിലായി 200-ൽ

പരം പേർ കോഴ്സിൽ സംബന്ധിക്കുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ടെക്സ്റ്റാണ് ഈ കോഴ്സിൽ ഉപയോഗിക്കുന്നത്. തിരുവനന്തപുരം, നെയ്യാറ്റിൻകര രൂപതകളിലും ബൈബിൾ കമ്മീഷനുമായി ചേർന്നുള്ള കോഴ്സ് ഭംഗിയായി തുടരുന്നു. മലങ്കരസഭയിലെ ബൈബിൾ അപ്പോസ്തലേറ്റ് പ്രവർത്തനങ്ങൾക്ക് പുതിയ ഊർജം നല്കാനായി അഭിവന്ദ്യ അബ്രാഹം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിൽ തിരുവല്ലയിൽ വച്ച് മീറ്റിംഗ് നടന്നു. കമ്മീഷൻ സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി ഇതിൽ സംബന്ധിച്ചു.

ഗുഡ്നെസ് ടി വിയിൽ ഫാ. ജോഷി മയ്യാറ്റിൽ നടത്തിയ സങ്കീർത്തനങ്ങളെക്കുറിച്ചുള്ള ക്ലാസുകളുടെ ഓഡിയോ ബൈബിൾ സൊസൈറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കി. കൂടുതൽ ക്ലാസുകൾ ലഭ്യമാക്കാൻ ശ്രമങ്ങൾ തുടരുന്നു. പി.ഒ.സി. ബൈബിളിന്റെ ഓഡിയോ കൂടുതൽ വ്യാപകമാക്കാൻ മെഗാവോയ്സുമായി ചേർന്ന് കരാറുണ്ടാക്കുന്നു. കേരളത്തിലെ വേറൊരു ഗ്രൂപ്പുമായും സമാനമായ മേഖലയിൽ ചർച്ചകൾ നടത്തുന്നു. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ പഴയനിയമത്തിന്റെ പരിഷ്കരണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ടീമിൽ ഫാ. ആന്റണി തറേക്കടവിലും ഫാ. ജേക്കബ് പ്രസാദും പുതിയതായി ചേർന്നത് ഈ സംരംഭത്തിന് കൂടുതൽ ഉണർവേകി. ബൈബിൾ പണ്ഡിതരെയും സാഹിത്യകാരന്മാരെയും ഉൾപ്പെടുത്തി ആദ്യഭാഗത്തിന്റെ വിലയിരുത്തലുകൾ നടത്തി. ഗ്രീക്ക്-മലയാളം ഇന്റർലീനിയർ ബൈബിൾ തയ്യാറാക്കുന്ന ശ്രമകരമായ പണി തുടരുന്നു.

ആലുവയിൽനിന്നുള്ള ശ്രീ. തോമസ് ഫിലിപ്പും അദ്ദേഹത്തിന്റെ മകൻ തേജസ് ഫിലിപ്പ് തോമസും ബൈബിൾ അമ്പാസഡർമാരായി. അവർക്ക് ദൈവാനുഗ്രഹങ്ങൾ നേരുന്നു. ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ അംഗമായ ശ്രീമതി അന്നമ്മ കുട്ടികളുടെയിടയിൽ വചനപഠനം പ്രോത്സാഹിപ്പിക്കുന്ന "മിലിറ്റസ് ക്രിസ്റ്റി" എന്ന സംരംഭം കൂടുതൽ വ്യാപകമാക്കി സൊസൈറ്റി പ്രവർത്തനങ്ങൾക്ക് പുതിയൊരുമാനം നല്കി. അവർക്ക് അഭിനന്ദനങ്ങൾ!

## നന്ദി

തിരുവചനശുശ്രൂഷ ചെയ്യുവാൻ സൊസൈറ്റിയെ നിരന്തരം അനുഗ്രഹിക്കുന്ന സർവേശ്വരന് സൊസൈറ്റി അംഗങ്ങളുടെ കൃതജ്ഞതാഹൃദയമലരുകൾ! തന്റെ തിരക്കേറിയ ജീവിതത്തിനിടയിലും സൊസൈറ്റി സംബന്ധമായ കാര്യങ്ങൾക്ക് എപ്പോഴും മുൻഗണന നല്കുന്ന ചെയർമാൻ അഭിവന്ദ്യ മാർ അബ്രാഹം മാർ യൂലിയോസ് പിതാവിനും സ്നേഹപൂർവം നന്ദി പറയുന്നു. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ വേണ്ട എല്ലാ സഹായസഹകരണങ്ങളും കഴിഞ്ഞ മൂന്നു വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന മാനേജിംഗ് കൗൺസിൽ-എക്സിക്യൂട്ടിവ് കമ്മിറ്റി ഭാരവാഹികളെ പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം, ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ, ട്രഷറർ സി. ആഗനസ്സ് സി.റ്റി.സി. ഓഡിറ്റർ ശ്രീ. പി.സി. വർഗീസ്, പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, ബൈബിൾ സൊസൈറ്റി ഓഫീസിലെ സ്റ്റാഫംഗങ്ങൾ എന്നിവർക്ക് ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

ബൈബിൾ സൊസൈറ്റിയുടെ എല്ലാ ഭാവി പ്രവർത്തനങ്ങളെയും ദൈവപരിപാലനയ്ക്ക് സമർപ്പിച്ചുകൊണ്ടും സൊസൈറ്റിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

റവ. ഡോ. ജോൺസൺ പുതുശ്ശേരി CST
(സെക്രട്ടറി, കെ.സി.ബി.എസ്.)

# ലോഗോസ് ക്വിസ് ഭിന്നശേഷിക്കാർക്ക്



ലോഗോസ് ബൈബിൾ ക്വിസിന്റെ വലിയൊരു നാഴികക്കല്ലായിരുന്നു കേരളത്തിൽ ആദ്യമായി നടത്തപ്പെട്ട ഭിന്നശേഷിക്കാർക്കുള്ള മത്സരം. ദൈവവചനം എല്ലാവർക്കും സംലഭ്യമാണ് എന്ന സന്ദേശമാണ് ഈ മത്സരം നല്കുന്നത്. ഈ മത്സരം സംഘടിപ്പിക്കാൻ സി. അഭയ എഫ്.സി.സി., ഫാ. ബിജു സി.എസ്.സി. എന്നിവർ നല്കിയ സഹായം പ്രശംസനീയമാണ്. ടി. വി. ക്വിസ് ഫൈനലിൽ കണ്ണൂരിൽനിന്നുള്ള പോൾ ഡേവിഡ് ഒന്നാം സ്ഥാനത്തിനും കോഴിക്കോട് നിന്നുള്ള ഡോണ മർക്കോസ് രണ്ടാം സ്ഥാനത്തിനും പാലായിൽ നിന്നുള്ള നിഹാൽ മരിയ മൂന്നാം സ്ഥാനത്തിനും അർഹരായി.



---

# റോസ് മേരി ജിജി ലോഗോസ് പ്രതിഭ




2018ലെ ലോഗോസ് പ്രതിഭാപട്ടം ചൂടിയത് കോതമംഗലം രൂപതയിലെ കുറിഞ്ഞി ഇടവകാംഗമായ റോസ്മേരി ജിജിയാണ്. ഒരു സാധാരണ വീട്ടമ്മയായ റോസ് മേരി ജിജിയുടെ പ്രതിഭാപട്ടം നമുക്കെല്ലാവർക്കും ഏറെ പ്രചോദനാത്മകമാണ്. കഴിഞ്ഞ 16 വർഷമായി തുടർന്നുകൊണ്ടിരിക്കുന്ന തന്റെ വചന പഠനത്തെക്കുറിച്ച് റോസ്മേരി ഇപ്രകാരം പറയുന്നു.

നിങ്ങൾ ആദ്യം അവിടത്തെ രാജ്യവും അവിടത്തെ നീതിയും അന്വേഷിക്കുക, അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും (മത്താ 6,33). ഈ വചനമാണ് എന്നെ എപ്പോഴും മുന്നോട്ട് നയിച്ചത്. ആത്മവിശുദ്ധീകരണമായിരുന്നു എന്റെ ബൈബിൾ പഠനത്തിന്റെ ലക്ഷ്യം. ഏതു പ്രതിസന്ധിഘട്ടത്തിലും ധൈര്യപൂർവം മുന്നോ



ട്ടു പോകുവാൻ എനിക്ക് വലിയൊരു ശക്തിയും കോട്ടയുമായി വചനം നിൽക്കുന്നു. വചനം വായിക്കുക, വചനം പങ്കുവയ്ക്കുക, വചനാധഷ്ഠിത ജീവിതം നയിക്കുക എന്നൊരു ലക്ഷ്യത്തിലേക്ക് കടന്നുവരുവാൻ വചനപഠനം എന്നെ സഹായിച്ചുവെന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

ലോഗോസ് പരീക്ഷ കഴിഞ്ഞാൽ അടുത്ത പരീക്ഷയുടെ പഠനം ആരംഭിക്കും. ജൂൺ മാസത്തോടെ ഏപ്രിൽ, മെയ് മാസങ്ങളിൽ എന്റെ ഇടവകയിലെ കുട്ടികളെയും മുതിർന്നവരെയും ലോഗോസ് ക്വിസിന് ഒരുക്കാനുള്ള അവസരം എനിക്കു ലഭിച്ചിരുന്നു. ഇത് എന്റെ പഠനത്തെയും ഏറെ സഹായിച്ചു. ജൂൺ മാസത്തിൽ ദിവസത്തിൽ 6 മണിക്കൂർ സമയമെങ്കിലും വചനം പഠിക്കുന്ന രീതിയിലേക്ക് കടന്നുവരും. പി.ഒ.സിയിൽ നിന്നും ലഭിക്കുന്ന പഠനസഹായിയും ബൈബിൾ വ്യാഖ്യാനങ്ങളും നന്നായി പഠിക്കും. കൂടാതെ ബൈബിൾ വചനങ്ങളെല്ലാം മനഃപാഠമാക്കും. ജീവിത പങ്കാളിയുടെയും മക്കളുടെയും പൂർണ പിന്തുണ എന്നുമുണ്ടായിരുന്നു. അവരും പരീക്ഷയിൽ പങ്കെടുത്തിരുന്നതിനാൽ ഒരുമിച്ചുള്ള പഠനവും നടത്തിയിരുന്നു. കൂടാതെ ചാവറക്വിസ്, മദർ തെരേസ ക്വിസ് എന്നിവയിൽ പങ്കെടുത്തിരുന്നു.

എന്റെ വിജയപാതയിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ വിജയത്തിലേക്ക് കൈപിടിച്ചു നടത്തിയവർ ഏറെയാണ്. റവ. ഫാ. ജോർജ് തെക്കേക്കര, റവ. ഫാ. സെബാസ്റ്റ്യൻ നാമറ്റത്തിൽ, റവ. ഫാ. ജോസഫ് എഴുമയിൽ എന്നിവരെ പ്രത്യേകം സ്മരിക്കുന്നു. അതുപോലെ പ്രാർഥനയിലൂടെ കരുത്തേറിയവരും ഓർമയിൽ നിറയുന്നു. കഴിഞ്ഞ 5 വർഷമായി ഇടവക വികാരിയായ റവ. ഫാ. ജേർജ് പൊട്ടയ്ക്കൽ നൽകിയ എല്ലാവിധ പിന്തുണയും പ്രോത്സാഹനങ്ങളും വിലമതിക്കാനാവാത്തതാണ്. ഇടവകയുടെ ജൂബിലി വർഷമായിരുന്ന 2018ൽ ലഭിച്ച ഈ വിജയം ദൈവത്തിന്റെ വലിയൊരു സമ്മാനമായി ഞാൻ കരുതുന്നു.

ജീവിതത്തിലെ ശരിതെറ്റുകൾ നമുക്കു വെളിപ്പെടുത്തിത്തരുന്നതും നന്മയുടെ പാതയിലേക്ക് നമ്മെ നയിക്കുന്നതും ദൈവവചനമാണ്. അത് പഠിക്കാനൊരു ഗ്രന്ഥമല്ല, ജീവിക്കാനൊരു പ്രമാണമാണ്. ശക്തിയയുടെ സ്രോതസ്സായ വചനം ഭക്തിയോടെ വായിക്കുകയും ധ്യാനിക്കുകയും അതിൽ ജീവിക്കുകയും വേണം. നമുക്ക് വചനത്തിലേക്ക് തിരിയാം. അന്ധകാരത്തിൽ വഴിത്താരയിൽ നിറഞ്ഞുനിൽക്കുന്ന പ്രകാശവുമായി ദൈവവചനം അനുദിന ജീവിതത്തെ നയിക്കട്ടെ.

---

# ബൈബിൾ പാരായണമാസം

2018–ലെ ബൈബിൾ പാരായണമാസം ഡിസംബർ 1–ാം തീയതി പാറശ്ശാല രൂപതയിൽ അഭിവന്ദ്യ തോമസ് മാർ യൂസേബിയൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട വചന പാരായണം യജ്ഞം തുടർന്നുള്ള ആഴ്ചകളിൽ ചെങ്ങനാശ്ശേരി, മൂവാറ്റുപുഴ, കോഴിക്കോട് രൂപതകളിൽ സംഘടിപ്പിക്കപ്പെട്ടു. വചനപാരായണാഘോഷത്തിന്റെ സമാപനചടങ്ങ് കോഴിക്കോട് രൂപതയിലെ വയനാട്ടിലുള്ള ചുണ്ടേൽ ഇടവകയിൽവച്ച് കോഴിക്കോട് രൂപതാധ്യക്ഷൻ അഭിവന്ദ്യ വർഗീസ് ചക്കാലക്കൽ പിതാവിന്റെ ദിവ്യബലിയോടെ ആഘോഷമായി നടത്തപ്പെട്ടു.



# മികച്ച ബൈബിൾ പ്രൊമോട്ടർ

2018–2019 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുകയും ഏറ്റവും കൂടുതൽ തുക സമാഹരിക്കുകയും ചെയ്ത് മികച്ച പ്രൊമോട്ടറായ തിരുവനന്തപുരം (ലത്തീൻ) അതിരൂപതയിലെ ശ്രീ. വർഗീസ് ലോപ്പസിന് ബൈബിൾ സൊസൈറ്റിയുടെ അഭിനന്ദനങ്ങൾ!

# വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗ പ്രതിഭാ പുരസ്കാരത്തിന് 2019–ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000/– രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

ഈ വർഷം അവാർഡിനായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ സൈബർ/ഡിജിറ്റൽ മേഖലയിലുള്ള ബൈബിൾ അടിസ്ഥാനമാക്കിയ സംഭാവനകൾക്കാണ് പുരസ്കാരം നല്കുന്നത്. സിനിമ, ഹ്രസ്വചിത്രങ്ങൾ, ഓഡിയോ/വീഡിയോ ഗെയിംസ്, വെബ്സൈറ്റ്, ബ്ലോഗ്, ആനിമേഷൻ, ആപ്ലിക്കേഷൻസ് എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ജാതിമതഭേദമന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദേശിക്കാവുന്നതാണ്.

2019 ഓഗസ്റ്റ് 31–നു മുമ്പ് *സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി – 682 025* എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്. ഫോൺ നമ്പർ: 0484 – 2805897.

---

# മാർ പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം ശ്രീ. സിബിച്ചന്



കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഏർപ്പെടുത്തിയ മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം 2018, നവംബർ 25–ാം തീയതി ഉച്ച കഴിഞ്ഞു നടന്ന ലോഗോസ് പ്രതിഭ സമ്മാനദാനചടങ്ങിൽവച്ച് ബൈബിൾ കമ്മീഷൻ വൈസ്ചെയർമാൻ ബിഷപ്പ് അഭിവന്ദ്യ പീറ്റർ അബീർ പിതാവും, അഭിവന്ദ്യ യൂഹാനോൻ മാർ തിയഡോഷ്യസ് പിതാവും ചേർന്ന് ശ്രീ. സിബിച്ചന് നല്കുകയുണ്ടായി. ബൈബിൾ അധിഷ്ഠിതമായ കലാമേഖലയിലുള്ള സംഭാവനകൾക്കാണ് അഭിവന്ദ്യ പുന്നക്കോട്ടിൽ പിതാവിന്റെ ബഹുമാനാർഥമുള്ള വചനസർഗ അവാർഡ് ഈ വർഷം നല്കിയത്. തലശ്ശേരി അതിരൂപതാംഗവും ഇരിട്ടി സ്വദേശിയുമാണ് സിബിച്ചൻ. സംഗീതജ്ഞനും ഗുഡ്നെസ് ടി.വി, ശാലോം ടി.വി. എന്നിവയിൽ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള അദ്ദേഹം ഓഡിയോ ബൈബിളിലെ 150 സങ്കീർത്തനങ്ങളും ചിട്ടപ്പെടുത്തിയിട്ടുണ്ട്. 25,000/– രൂപയും ഷീൽഡും പി.ഒ.സിയിൽവച്ച് അവാർഡു ജേതാവ് അഭിവന്ദ്യ പീറ്റർ പിതാവിൽനിന്ന് ഏറ്റുവാങ്ങി.

# ഇരുപതാം അഖിലകേരള ലോഗോസ് ക്വിസ് – 2019

**പാഠഭാഗങ്ങൾ**
നിയമാവർത്തനം 12 - 21
പ്രഭാഷകൻ 11 - 17
മത്തായി 19 - 28
വെളിപാട് 17 - 22

**രജിസ്ട്രേഷൻ അവസാനിക്കുന്നത്:**
2019 ജൂലൈ 31 - ന്

**പരീക്ഷാ സമയം രൂപതാതലം:**
2019 സെപ്തംബർ 29 - ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ

**സംസ്ഥാനതലം:** 2019 നവംബർ 10ന് ഉച്ചകഴിഞ്ഞ് 2 മുതൽ 3 വരെ
**ഫൈനൽ:** 2019 നവംബർ 23 - 24

- സംസ്ഥാനതലത്തിലെ 5 വരെയുള്ള സ്ഥാനക്കാർക്ക് ഉയർന്ന ക്യാഷ് പ്രൈസുകൾ
- വിദേശ മലയാളികൾക്കായി ഓൺലൈൻ ലോഗോസ് ക്വിസ്
- ലോഗോസ് ക്വിസ് ചോദ്യങ്ങൾ ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നഡ ഭാഷകളിൽ
- ഓൺ ലൈൻ രജിസ്ട്രേഷൻ
- ടെലി സംപ്രേഷണം
- ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനം.
- ഭിന്നശേഷിക്കാരുടെ ലോഗോസ്

**ഗ്രൂപ്പുകൾ**

**A വിഭാഗം – 1.1.2008 നു ശേഷം ജനിച്ചവർ**
**B വിഭാഗം – 1.1.2003 നും 31.12.2007നും ഇടയ്ക്ക് ജനിച്ചവർ**
**C വിഭാഗം – 1.1.1988 നും 31.12.2002 നും ഇടയ്ക്ക് ജനിച്ചവർ**
**D വിഭാഗം – 1.1.1968 നും 31.12.1987 നും ഇടയ്ക്ക് ജനിച്ചവർ**
**E വിഭാഗം – 1.1.1955 നും 31.12.1967 നും ഇടയ്ക്ക് ജനിച്ചവർ**
**F വിഭാഗം – 31.12.1954 നു മുമ്പ് ജനിച്ചവർ**

**സമ്മാനങ്ങൾ**

അഖില കേരളാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ.

ലോഗോസ് പ്രതിഭയ്ക്ക് തൊടുപുഴയിലെ കണ്ടിരിക്കൽ ട്രാവൽസ് സ്പോൺസർ ചെയ്യുന്ന വിശുദ്ധനാട് തീർത്ഥാടനവും പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ ക്യാഷ് അവാർഡ് 25,000 രൂപയും. ലോഗോസ് പ്രതിഭയുടെ രൂപതയ്ക്ക് പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി.

**ഓൺ–ലൈൻ രജിസ്ട്രേഷന്: www.logosquiz.org**

**visit: www.keralabiblesociety.com**

### ബൈബിൾ വിതരണം

2018–2019 സാമ്പത്തികവർഷം ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കും രൂപതകൾക്കുമായി സബ്സിഡി നിരക്കിൽ 14996 ബൈബിളുകൾ നല്കപ്പെട്ടു. ഇതിനായി 4,66,285 രൂപ സൊസൈറ്റി ചെലവഴിച്ചു. പുതുതായി ചേർന്ന അംഗങ്ങൾക്കായി 205 ബൈബിളുകൾ സൗജന്യമായി നല്കുകയുണ്ടായി.

### അംഗനില

ലഭ്യമായ കണക്കുകളനുസരിച്ച് 2019 മാർച്ച് 31–ാം തീയതി വരെ സൊസൈറ്റിയിൽ ആകെ 14536 അംഗങ്ങളുണ്ട്. ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 120 പേർ സൊസൈറ്റിയിൽ പുതുമുഖങ്ങളായി എത്തിയിട്ടുണ്ട്. നടപ്പുവർഷം ഏറ്റവും കൂടുതൽ തുക സമാഹരിച്ച് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ അവാർഡിന് തിരുവനന്തപുരം (ലാറ്റിൻ) അതിരൂപതയിലെ ശ്രീ. വർഗീസ് ലോപ്പസ് അർഹനായി.

### സൊസൈറ്റി അംഗത്വത്തിന്റെ നില വെളിവാക്കുന്ന പട്ടിക

| അംഗത്വം | പുതുക്കിയ നിരക്ക് | 11.12.90 മുതൽ 31.3.18 വരെ | 1.4.18 മുതൽ 31.3.19 വരെ | ആകെ * |
|---|---|---|---|---|
| ഓർഡിനറി | 500 | 7200 | 0 | 7200 |
| സ്പെഷ്യൽ | 1000 | 3934 | 92 | 4026 |
| ലൈഫ് | 2000 | 2557 | 24 | 2601 |
| സ്പെഷ്യൽ ലൈഫ് | 10000 | 168 | 0 | 168 |
| സ്പോൺസർ ലൈഫ് | 20000 | 74 | 1 | 75 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 | 196 | 1 | 197 |
| പാരിഷ് ഓർഡിനറി | 5000 | 218 | 1 | 219 |
| പാരിഷ് ലൈഫ് | 20000 | 49 | 1 | 50 |
| **ആകെ** | | **14416** | **120** | **14536** |

* അപ്ഗ്രേഡു ചെയ്ത അംഗത്വങ്ങൾ ഉൾപ്പെടെ

### ബൈബിൾ വായനാ കലണ്ടർ

2018 നവംബർ 24–ന് ഫാമിലി ക്വിസ് സമ്മാനദാന ചടങ്ങിൽ വച്ച് അഭിവന്ദ്യ അബ്രാഹം മാർ യൂലിയോസ് പ്രകാശനം ചെയ്തു. മൂന്നു റീത്തുകളുടെയും ആരാധനക്രമവായനകൾ ക്രമപ്പെടുത്തിയ ഈ കലണ്ടർ ഇടവകകളിലും കുടുംബങ്ങളിലും വ്യക്തി ജീവിതത്തിലും ആരാധനക്രമാധിഷ്ഠിതമായ ബൈബിൾ വായനയ്ക്ക് സഹായകമാണ്. മൾട്ടികളർ ചിത്രങ്ങളോടുകൂടി ആറു പേജുകളിലായി അച്ചടിച്ച 24000 കലണ്ടറുകൾ വിതരണം ചെയ്തു.

## യാത്രാമംഗളങ്ങൾ

പി.ഒ.സി.യിലെ പഴയനിയമ പരിഷ്കരണത്തിൽ കഴിഞ്ഞ മൂന്നു വർഷക്കാലം സുത്യർഹമായ സേവനം കാഴ്ചവെച്ച റവ. ഡോ. എബ്രാഹം പേഴുംകാട്ടിലിന് ബൈബിൾ കമ്മീഷന്റെ ഹൃദയംഗമമായ നന്ദി. പാലാരൂപതയിൽ ഇടവക ഭരണം ഏറ്റെടുത്ത അച്ചന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷൻ സമ്മേളനം

ലോകമെമ്പാടുമുള്ള ബൈബിൾ അപ്പോസ്തലേറ്റുകളെ ഏകോപിപ്പിക്കുന്ന സംഘടനയാണ് കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷൻ. കെ.സി.ബി.സി ബൈബിൾ കമ്മീഷനും ഇതിലെ അംഗമാണ്. ഫെഡറേഷന്റെ സുവർണജൂബിലിയോടനുബന്ധിച്ച് റോമിൽവച്ച് ഏപ്രിൽ 23-26 തീയതികളിൽ നടന്ന അന്തർദേശീയ സെമിനാറിൽ മെത്രാന്മാരും ഓരോ രാജ്യങ്ങളിലെ കമ്മീഷനുകൾക്ക് നേതൃത്വം നല്കുന്ന വൈദികരും അല്മായരും ബൈബിൾ പണ്ഡിതരുമായി 200-ൽപരം അംഗങ്ങൾ സംബന്ധിച്ചു. കെ.സി.ബി.സിയെ പ്രതിനിധീകരിച്ച് ഫാ. ജോൺസൺ പുതുശ്ശേരി ഇതിൽ പങ്കെടുത്തു. സമ്മേളനത്തിന്റെ അവസാനം വത്തിക്കാനിൽ വച്ച് പരി. പിതാവ് ഫ്രാൻസീസ് പാപ്പ പ്രതിനിധികളെ അഭിസംബോധന ചെയ്തു സംസാരിക്കുകയുണ്ടായി.





*ഫ്രാൻസിസ് പാപ്പയോടും കർദ്ദിനാൾ താഗ്ളേയോടുമൊപ്പം*

---


# ബൈബിൾ സായാഹ്ന ക്ലാസ്




ബൈബിൾ സായാഹ്ന ക്ലാസുകൾ ജൂൺ 6-ന് ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ അഭിവന്ദ്യ പീറ്റർ അബീർ പിതാവ് ഉദ്ഘാടനംചെയ്തു. കേരളത്തിൽ ഏറ്റവും ചിട്ടയോടെയും പ്രഗത്ഭരായ ബൈബിൾ പണ്ഡിതരുടെ സഹായത്തോടെയും നടത്തുന്ന ബൈബിൾ കോഴ്സ് പി.ഒ.സിയിലേതാണ്. പിതാവ് സായാഹ്ന ക്ലാസുകളിൽ പങ്കെടുക്കുന്നവരെ അഭിനന്ദിക്കുകയും വചന പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു സംസാരിക്കുകയും ചെയ്തു. 2018-2019ൽ നാല്പതു ബുധനാഴ്ചകൾ നീണ്ടുനിന്ന കോഴ്സിൽ 109 പേർ രജിസ്റ്റർ ചെയ്തു.

ഈ കോഴ്സിന്റെ സമാപനവും സർട്ടിഫിക്കറ്റ് വിതരണവും മാർച്ച് 13-ാം തീയതി വൈകിട്ട് സംഘടിപ്പിച്ചു. റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ ക്ലാസുകളൊന്നും മുടങ്ങാതെ കോഴ്സിൽ സംബന്ധിച്ച 14 പേർക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും കോഴ്സ് പൂർത്തിയാക്കിയ എല്ലാവർക്കും സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്തു. റവ. ഡോ. ആന്റണി തറേക്കടവിൽ 16 വർഷം തുടർച്ചയായി കോഴ്സിൽ സംബന്ധിക്കുന്നവരെ പ്രശംസിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. 2018-2019 ക്ലാസ് ലീഡറായ ശ്രീ. ജോസഫ് പി. കെ. ഒരു വർഷത്തെ ക്ലാസിനെക്കുറിച്ചുള്ള അവലോകനം ചെയ്തു സംസാരിക്കുകയുണ്ടായി. സി. ആഗ്നസ് ജോർജ് എല്ലാവർക്കും നന്ദിയർപ്പിച്ചു സംസാരിച്ചു.

# പി.ഒ.സി. പഠന ബൈബിൾ



ബൈബിൾ മൂലഗ്രന്ഥം അടിസ്ഥാനമാക്കിയുള്ള പിഒസി ബൈബിൾ പരിഷ്കരണം ബൈബിൾ പണ്ഡിതരുടെ നേതൃത്വത്തിൽ ഊർജിതമായി നടക്കുന്നു. മൂലഗ്രന്ഥം അടിസ്ഥാനമാക്കിയുള്ള ഭാരതീയ ഭാഷകളിലെ ആദ്യ കത്തോലിക്ക ബൈബിളാണ് പരിഷ്കരിച്ച പി.ഒ.സി. ബൈബിൾ. വചനപഠനത്തിന് ഏറെ സഹായകമായിരിക്കും പി.ഒ.സി. തയ്യാറാക്കുന്ന പുതിയ പരിഭാഷ. ഡോ. ജോഷി മയ്യാറ്റിൽ കോ-ഓർഡിനേറ്ററായ ഈ ടീമിലെ മറ്റംഗങ്ങൾ റവ. ഡോ. അബ്രാഹം പേഴുംകാട്ടിൽ, റവ. ഡോ. ആന്റണി തറേക്കടവിൽ, റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിയിൽ, റവ.ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ, റവ. ഡോ. ജേക്കബ് പ്രസാദ് എന്നിവരാണ്. ഡോ. സിറിയക് വലിയകുന്നുമ്പുറത്തും റവ. ഡോ. മാത്യു ഓലിക്കൽ എം സി ബി എസും ഈ ഉദ്യമത്തിൽ സഹായിക്കുന്നു. പരിഷ്കരിച്ച ബൈബിൾ അടിസ്ഥാനമാക്കി ബൈബിൾ കമ്മീഷൻ തയ്യാറാക്കിയ പി.ഒ.സി. പഠനബൈബിളിന്റെ ആദ്യവാല്യമായ സുവിശേഷങ്ങൾ പ്രസിദ്ധീകരിച്ചു.

# ഹ്രസ്വചലച്ചിത്ര ട്രെയിനിംഗ് പ്രോഗ്രാം



കെ സി ബി സി ബൈബിൾ കമ്മീഷൻ മീഡിയ ഹ്രസ്വചലച്ചിത്ര ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. രൂപതകളിലെ തിരഞ്ഞെടുക്കപ്പെട്ടവർക്കായി കമ്മീഷനുമായി സഹകരിച്ച് സെപ്റ്റംബർ 14-16 തീയതികളിൽ നടത്തിയ കോഴ്സിൽ 37 പേർ പങ്കെടുത്തു. ചലച്ചിത്ര-മീഡിയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ ശ്രീ. ജോൺപോൾ, ശ്രീ. റാഫി മെക്കാർട്ടിൻ, ശ്രീ. ജോസഫ് നെല്ലിക്കൻ, ശ്രീ. സിബി വല്ലൂരാൻ, ഫാ. ഡായ് കുന്നത്ത് എം.എസ്.റ്റി, ഫാ. ജേക്കബ് കോറോത്ത് എന്നിവർ ക്ലാസ്സുകളെടുത്തു. ക്രൈസ്തവ മൂല്യങ്ങളും ബൈബിൾ സന്ദേശവും ആധുനിക ഭാഷയിൽ ജനങ്ങളിലേക്ക് എത്തിക്കുവാൻ യുവാക്കളെ സജ്ജരാക്കുകയായിരുന്നു കോഴ്സിന്റെ ലക്ഷ്യം.

# ബൈബിൾ കോണ്ടാക്ട് ക്ലാസ്



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പഠിക്കുന്നവർക്കും ചേരാൻ താത്പര്യമുള്ളവർക്കും വേണ്ടി 2019 മെയ് 11-ാം തീയതി പി.ഒ.സി.യിൽ വച്ച് ഒരു ഏകദിന കോണ്ടാക്ട് ക്ലാസ്സ് സംഘടിപ്പിക്കപ്പെട്ടു. കോറിന്തോസുകാർക്കുള്ള ലേഖനത്തെ അധികരിച്ച് ഡോ. ജോസഫ് നല്പതിൽച്ചിറ ക്ലാസ്സു നയിച്ചു. ഉച്ചകഴിഞ്ഞ് 3.00ന് ചേർന്ന സമ്മേളനത്തിൽവച്ച് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ യൂണിറ്റുകൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് പിഒസി ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

# വചനോപാസകന് യാത്രാമൊഴി



കെസിബിസി ബൈബിൾ കമ്മീഷന്റെ കീഴിലുള്ള ബൈബിൾ പരിഷ്കരണയജ്ഞത്തിലെ സജീവാംഗമായ റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ വിശുദ്ധനാടു യാത്രയിൽ ദൈവത്തിന്റെ പക്കലേക്ക് ... എത്ര ധന്യമായ ജീവിതാന്ത്യം!

ദൈവവചനത്തിനായി സമർപ്പിച്ചതായിരുന്നു അച്ചന്റെ ജീവിതം മുഴുവൻ. ഏറെ പ്രസിദ്ധങ്ങളായിരുന്നു അച്ചന്റെ ബൈബിൾ ക്ലാസ്സുകൾ. നിരവധി സെമിനാരികളിലും തിയോളജി സെന്ററുകളിലും ബൈബിൾ പഠനഗ്രൂപ്പുകളിലും ബൈബിളിലെ വിവിധങ്ങളായ വിഷയങ്ങളെക്കുറിച്ചു ആകർഷകമായി ക്ലാസ്സുകൾ എടുത്തിരുന്നതു കൂടാതെ, ഗുഡ്നെസ് ടിവിയിലും വർഷങ്ങളായി അച്ചൻ ബൈബിൾ ക്ലാസ്സുകൾ എടുത്തിരുന്നു. പിഒസിയിൽ ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബുധനാഴ്ച ക്ലാസ്സുകളിലും നിറസാന്നിധ്യമായിരുന്നു തൊണ്ടിപ്പറമ്പിലച്ചൻ. ബൈബിൾ കമ്മീഷന്റെ പുതിയസംരംഭമായ ബൈബിൾ പരിഷ്കരണത്തിൽ ആരംഭംമുതലേ അച്ചൻ സഹകരിച്ചിരുന്നു. പുതിയനിയമ പരിഷ്കരണത്തിന്റെ ചീഫ് കൊ-ഓർഡിനേറ്ററായി പ്രവർത്തിച്ച അച്ചൻ പഴയനിയമ പരിഷ്കരണത്തിലും സഹായിച്ചിരുന്നുവെന്നത് അച്ചന്റെ അഗാധപാണ്ഡിത്യത്തിന്റെ തെളിവാണ്.

ബൈബിൾ കമ്മീഷന്റെ ബുധനാഴ്ചക്ലാസ്സിന്റെ മാർച്ച് 13-ാം തീയതി സംഘടിപ്പിച്ച ഈ വർഷത്തെ സമാപനസമ്മേളനത്തിന്റെ അധ്യക്ഷപദം അലങ്കരിച്ച്, സർട്ടിഫിക്കറ്റുകൾ വിതരണംചെയ്തത് തൊണ്ടിപ്പറമ്പിലച്ചനായിരുന്നു. ഇവിടത്തെ തന്റെ




ദൗത്യം പൂർത്തിയാക്കിയതിന്റെ അടയാളമായിരുന്നോ അത്? അച്ചനെക്കുറിച്ചുള്ള സ്നേഹസ്മരണകൾ ഒരിക്കലും മായുകയില്ല. ഈ യാത്രാമൊഴിൽ വചനസന്നിധിയിൽ വീണ്ടും കണ്ടുമുട്ടുമെന്ന പ്രതീക്ഷയുമുണ്ട്.

# ലോഗോസ് ക്വിസ് 2018 – ലെ സംസ്ഥാനതല ജേതാക്കൾ

## A വിഭാഗം

ഒന്നാം സമ്മാനം



**മെറ്റിൽഡ ജോൺസൺ**
ഇരിങ്ങാലക്കുട രൂപത

രണ്ടാം സമ്മാനം



**ജോർജ് ജൂഡിറ്റ്**
തലശ്ശേരി രൂപത

മൂന്നാം സമ്മാനം



**ഐറിൻ മാത്യു**
കോട്ടയം അതിരൂപത

## B വിഭാഗം

ഒന്നാം സമ്മാനം



**അന്നു മാത്യൂസ്**
പാലാ രൂപത

രണ്ടാം സമ്മാനം



**ഡോൺ സാബു**
പാലാ രൂപത

മൂന്നാം സമ്മാനം



**ആഷിത ബെന്നി**
കോതമംഗലം രൂപത

## C വിഭാഗം

ഒന്നാം സമ്മാനം



**ലിനീന വിബിൻ**
തൃശൂർ അതിരൂപത

രണ്ടാം സമ്മാനം



**സിജോ വർഗീസ്**
ചങ്ങനാശ്ശേരി അതിരൂപത

മൂന്നാം സമ്മാനം



**ഡോ. ബിൻഷാ ചാക്കോ**
താമരശ്ശേരി രൂപത

## D വിഭാഗം

ഒന്നാം സമ്മാനം



(ലോഗോസ് പ്രതിഭ)
**റോസ് മേരി ജിജി**
കോതമംഗലം രൂപത

രണ്ടാം സമ്മാനം



**നിമ ലിന്റോ**
മാൻഡ്യാ രൂപത

മൂന്നാം സമ്മാനം



**നിക്സൺ എ**
കൊല്ലം രൂപത

## E വിഭാഗം

ഒന്നാം സമ്മാനം



**ജെസി ജോസ്**
ചങ്ങനാശ്ശേരി അതിരൂപത

രണ്ടാം സമ്മാനം



**ലിസി ജെയിംസ്**
എറണാകുളം അങ്കമാലി അതിരൂപത

മൂന്നാം സമ്മാനം



**മാത്യു തൈക്കുന്നുംപുറത്ത്**
താമരശ്ശേരി രൂപത

## F വിഭാഗം

ഒന്നാം സമ്മാനം



**മേരി പോൾ**
പാലാ രൂപത

രണ്ടാം സമ്മാനം



**ഏലിക്കുട്ടി തോമസ്**
കോതമംഗലം രൂപത

മൂന്നാം സമ്മാനം



**മേരി തോമസ്**
ഇരിങ്ങാലക്കുട രൂപത

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ – 2019

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ്: 3 പേജ്) ലേഖനം പത്തുപേജിലും (പ്രിന്റ്: 6–പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാമത്സരങ്ങൾക്കില്ല. **രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മൊബൈൽ നമ്പറും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.**

അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു:

**ഗ്രൂപ്പ്നമ്പർ 1:** അല്മായർ

**വിഷയം:** കേരളസഭയും നവപ്രേഷിതദൗത്യവും

**ഗ്രൂപ്പ്നമ്പർ 2:** സെമിനാരി വിദ്യാർഥികൾ

**വിഷയം:** "എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16,15). പ്രേഷിതദൗത്യത്തിന്റെ പുതിയമേഖലകൾ

**ഗ്രൂപ്പ്നമ്പർ 3:** സന്ന്യാസിനികൾ

**വിഷയം:** പ്രേഷിതമേഖലയിൽ സന്ന്യാസിനികളുടെ സംഭാവനകൾ.

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO / DD) വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2019 ഒക്ടോബർ 10 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നല്കുന്നതാണ്.

| **മത്സര ഇനം** | **രജി. ഫീസ്** | First | Second | Third |
|---|---|---|---|---|
| 1. കവിത | 50 | 1500 | 1000 | 750 |
| 2. ചെറുകഥ | 50 | 1500 | 1000 | 750 |
| 3. ഏകാങ്കനാടകം | 50 | 1500 | 1000 | 750 |
| 4. ലേഖനം – 1 | 50 | 1500 | 1000 | 750 |
| 5. ലേഖനം – 2 | 50 | 1500 | 1000 | 750 |
| 6. ലേഖനം – 3 | 50 | 1500 | 1000 | 750 |

കൃതികൾ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി–682025.

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച സാഹിത്യമത്സരങ്ങൾ 2018 ലെ വിജയികൾ

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 2018–ൽ അഖില കേരളതലത്തിൽ സംഘടിപ്പിച്ച സാഹിത്യ രചനാമത്സരത്തിൽ സമ്മാനാർഹരായവരുടെ പേരു വിവരം 1, 2, 3, സ്ഥാനക്രമമനുസരിച്ച് താഴെ ചേർക്കുന്നു. സാഹിത്യ രചനാമത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ 2018 നവംബർ 25ന് കെ.സി.ബി.സി. ബൈബിൾ സൊസൈറ്റി സംഘടിപ്പിക്കുന്ന ലോഗോസ് ക്വിസ് സമ്മാനദാനചടങ്ങിൽ കെ.സി. ബി.സി ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ്പ് മോസ്റ്റ് റവ. ഡോ. പീറ്റർ അബീർ സാഹിത്യമത്സരത്തിലെ ജേതാക്കൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

**കവിത**

1. എലിസബത്ത് സെബാസ്റ്റ്യൻ എടക്കളത്തൂർ, പാലിശ്ശേരി
2. രാജൻ സി., സന്തോഷ് ഭവൻ, കണ്ണൂർ
3. സി. ശാലിനി റോസ് സി.എം.സി., ചാവറ സദൻ, തലശ്ശേരി

**ചെറുകഥ**

1. വിൽസൺ കെ. പി. കളപ്പുരക്കൽ, മാള പള്ളിപ്പുറം, തൃശൂർ
2. ബ്ര. ബിനീഷ് വലിയപറമ്പിൽ, നാട്ടക്കൽ, തലശ്ശേരി അതിരൂപത
3. സിനി ജോൺസൺ, പുളിക്കൻ ഹൗസ്, കോനിക്കര, തൃശൂർ

**ലേഖനം (അല്മായർ)**

1. സിനി ജോൺസൺ, പുളിക്കൻ ഹൗസ്, കോനിക്കര, തൃശൂർ
2. മേരിക്കുട്ടി ജോസഫ്, പതാലിൽ, മണിമല
3. രാജൻ സി. സന്തോഷ് ഭവൻ, കണ്ണൂർ

**ലേഖനം (സന്യാസിനികൾ)**

1. സി. ആൻ മരിയ വടശ്ശേരി, എസ്.എ.ബി.എസ് ജനറലേറ്റ്, ആലുവ
2. സി. നൈസി സി.എസ്.സി. പ്രതീക്ഷാ ഭവൻ, ഇരിങ്ങാലക്കുട
3. സി. ജെസ്‌ലറ്റ് എഫ്.സി.സി., സെന്റ് തോമസ് കോൺവെന്റ്, പൊടിമറ്റം

**ലേഖനം (സെമിനാരി വിദ്യാർഥികൾ)**

1. ബ്രദർ ജോയൽ ജോസ് പനച്ചിപ്പുറം, താബോർ സെമിനാരി, വയനാട്
2. ബ്രദർ സാം മണലുശേരിൽ, തിരുവനന്തപുരം അതിരൂപത (മലങ്കര)
3. ബ്രദർ അഖിൽ തടത്തിൽ, ലിറ്റിൽഫ്ളവർ മേജർ സെമിനാരി, ആലുവ

# 2018 അഖില കേരള ലോഗോസ് ക്വിസ്

## 4 – ാം സ്ഥാനം നേടി മെഡലിനും

## 1000 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ

### A Group

| | | |
|---|---|---|
| 1 | ആർദ്ര ആൻ | – താമരശ്ശേരി രൂപത |
| 2 | ക്രിസ്റ്റി പ്രിൻസ് | – തൃശൂർ അതിരൂപത |
| 3 | ജിയാമോൾ ജോസ് | – ചങ്ങനാശ്ശേരി അതിരൂപത |
| 4 | ഫ്ളാവിയ മരിയ സതീഷ് | – പാലാ രൂപത |
| 5 | ആഗ്ന റോസ് ആന്റോ | – എറണാകുളം അങ്കമാലി അതിരൂപത |
| 6 | റോജോ ജോസ് തരിയൻ | – എറണാകുളം അങ്കമാലി അതിരൂപത |
| 7 | ആൻ മേരി ജോസി | – ചങ്ങനാശ്ശേരി അതിരൂപത |

### B Group

| | | |
|---|---|---|
| 1 | അലീന ജെയ്മോൻ | – ചങ്ങനാശ്ശേരി അതിരൂപത |
| 2 | ഹന്ന ജോജു | – തൃശൂർ അതിരൂപത |
| 3 | റോസ് മേരി | – കോട്ടപ്പുറം രൂപത |
| 4 | മിൻസ മരിയ | – തൃശൂർ അതിരൂപത |
| 5 | കിഷൻ മോസസ്സ് | – ആലപ്പുഴ രൂപത |
| 6 | ആൻ മരിയ ഷാജി | – എറണാകുളം അങ്കമാലി അതിരൂപത |
| 7 | ഷാനി മരിയ ജെ. | – കൊല്ലം രൂപത |

### C Group

| | | |
|---|---|---|
| 1 | സോനു ജോസഫ് | – പാലാ രൂപത |
| 2 | ജോബിൻ രാജൻ | – പാലക്കാട് രൂപത |
| 3 | നിമ്മി ജോൺ | – ഇരിങ്ങാലക്കുട രൂപത |
| 4 | ആഗിൻ മരിയ | – മാനന്തവാടി രൂപത |
| 5 | ഷിൻസ് പൈനാടത്ത് | – താമരശ്ശേരി രൂപത |
| 6 | പ്രിൻസി ലിജോ | – ഇരിങ്ങാലക്കുട രൂപത |
| 7 | സി. ബ്ലെസ്സി മരിയഎസ്.എച്ച് | – മാനന്തവാടി രൂപത |

### D Group

| | | |
|---|---|---|
| 1 | ലിഷ വർഗീസ് | – ആലപ്പുഴ രൂപത |
| 2 | റീജാ മേരി | – തിരുവനന്തപുരം (ലത്തീൻ) അതിരൂപത |
| 3 | അജിത ബാബു | – ഇരിങ്ങാലക്കുട രൂപത |
| 4 | ഷൈജി ഡെന്നി | – തൃശൂർ അതിരൂപത |
| 5 | ആനി ബ്രിട്ടോ | – കൊല്ലം രൂപത |
| 6 | സ്വപ്നമോൾ റ്റി. | – കോതമംഗലം രൂപത |
| 7 | ആനി ഒ. എൽ. | – ആലപ്പുഴ രൂപത |

## E Group

1. ഗ്രെയ്സി പോൾ – പാലാ രൂപത
2 സെലീന കെ. ഡി – താമരശ്ശേരി രൂപത
3 ആനി ജോർജ് – തൃശൂർ അതിരൂപത
4 ലൈല ജോൺ – പാലക്കാട് രൂപത
5 ജോളി റോബർട്ട് – ആലപ്പുഴ രൂപത
6 മേരി മേഴ്സി കൊറയ – വരാപ്പുഴ അതിരൂപത
7. മേരി ജോർജ് – കാഞ്ഞിരപ്പിള്ളി രൂപത

## F Group

1. ഡേ. എൽസി ജോസ് – തൃശൂർ അതിരൂപത
2. മാത്തുക്കുട്ടി സി.ഡി – ഇടുക്കി രൂപത
3 ജാനറ്റ് ഐ സി – തിരുവനന്തപുരം (ലത്തീൻ) അതിരൂപത
4 സുശീല ബായി ജി.സി. – തിരുവനന്തപുരം (ലത്തീൻ) അതിരൂപത
5 റോസിലി അഗസ്റ്റിൻ – തൃശൂർ അതിരൂപത
6 ടെസ്സി വർഗീസ് – എറണാകുളം അങ്കമാലി അതിരൂപത
7 സി. ആനി ഡോൺ എസ്.എച്ച് – ഇടുക്കി രൂപത

---

**1. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

| | | | |
|---|---|---|---|
| I | എറണാകുളം അതിരൂപത | – 60913 | – 3,000 രൂപ, മെമന്റോ |
| II | തൃശൂർ അതിരൂപത | – 45628 | – 2,000 രൂപ, മെമന്റോ |
| III | പാലാ രൂപത | – 41480 | – 1,000 രൂപ, മെമന്റോ |

**2. അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

| | | | |
|---|---|---|---|
| I | പാലക്കാട് രൂപത | – 19.2 % | – 3,000 രൂപ, മെമന്റോ |
| II | കോഴിക്കോട് രൂപത | – 18.5 % | – 2,000 രൂപ, മെമന്റോ |
| III | താമരശ്ശേരി രൂപത | – 15.6 % | – 1,000 രൂപ, മെമന്റോ |

**3. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത ഇടവകകൾ:**

I സെന്റ് മേരീസ് ഫൊറോന ചർച്ച്, കുറവിലങ്ങാട് (പാലാ രൂപത) 2803 പേർ – 3000 രൂപ, മെമന്റോ

II സെന്റ് ജോർജ് ബസിലിക്ക, (എറണാകുളം അങ്കമാലി അതിരൂപത) 2547 പേർ – 1,000 രൂപ, മെമന്റോ

III സെന്റ് ജോസഫ് ഷ്രൈൻ, പാവറാട്ടി, (തൃശൂർ അതിരൂപത) 1667 പേർ – 1,000 രൂപ, മെമന്റോ.

ലോഗോസ് ക്വിസ് 2018ന് ഉത്തരേന്ത്യയിലെ രൂപതകൾ ഉൾപ്പെടെ 39 രൂപതകളിൽ നിന്നായി ആകെ 5,46,399 പേർ രജിസ്റ്റർ ചെയ്തു.

കേരളത്തിനു പുറത്തുനിന്ന് ഏറ്റവും കൂടുതൽ മാർക്കു നേടിയവർക്കുള്ള സ്വർണ മെഡൽ D വിഭാഗത്തിലെ 2–ാം സ്ഥാനം നേടിയ നിമ ലിന്റോ (മാൻഡ്യ രൂപത) കരസ്ഥമാക്കി.

# പ്രളയബാധിതർക്കായി ക്വിസ്

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ കീഴിലുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സംഘടിപ്പിക്കുന്ന 19–ാമത് അഖിലേന്ത്യ ലോഗോസ് ബൈബിൾ ക്വിസിന്റെ പ്രാഥമിക റൗണ്ടായ രൂപതാതല മത്സരം സെപ്റ്റംബർ 30–ാം തീയതി വിവിധ പരീക്ഷാകേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു. പ്രളയം രൂക്ഷമായി ബാധിച്ച ചെങ്ങനാശ്ശേരി, മാവേലിക്കര, തിരുവല്ല, കൊല്ലം, കോട്ടപ്പുറം, മാനന്തവാടി എന്നീ രൂപതകളിലെ സാഹചര്യം കണക്കിലെടുത്ത് അവർക്കായി മാത്രം ഒക്ടോബർ 14–ാം തീയതി ഉച്ചകഴിഞ്ഞ് പ്രത്യേക ലോഗോസ് ക്വിസ് പരീക്ഷ നടത്തപ്പെടുകയുണ്ടായി.

---

# ഫമിലിയാ ക്വിസ് 2018




കേരള കാത്തലിക് ബൈബിൾ സൊസൈറ്റി 2018 നവംബർ 24ന് സംഘടിപ്പിച്ച സംസ്ഥാനതല ഫമിലിയാ ക്വിസ് 2018 ൽ ആദ്യ റൗണ്ട് എഴുത്തു പരീക്ഷയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്കായി ടിവിക്വിസ് സംഘടിപ്പിക്കപ്പെട്ടു. ആറു കുടുംബങ്ങൾ തമ്മിലുള്ള ഫൈനൽ മത്സരത്തിൽ ആലപ്പുഴ രൂപതയിലെ മോസസ് വാച്ചാക്കലിന്റെ കുടുംബം ഒന്നാം സ്ഥാനത്തിനും കോട്ടയം അതിരൂപതയിലെ ലാൽസൺ മാത്യുവിന്റെ കുടുംബം രണ്ടാം സ്ഥാനത്തിനും പാലക്കാട് രൂപതയിലെ ജോർജ് ആലുമ്മൂട്ടിലിന്റെ കുടുംബം മൂന്നാം സ്ഥാനത്തിനും അർഹരായി. 2018 നവംബർ 24ൽ നടന്ന ലോഗോസ് ക്വിസ് സമ്മാനദാനചടങ്ങിൽ അഭിവന്ദ്യ അബ്രാഹം മാർ യൂലിയോസ് പിതാവ് ജേതാക്കൾക്ക് സമ്മാനങ്ങൾ നല്കി.

---

# ലോഗോസ് ബാഹ്യകേരള മത്സരം

2018 ലോഗോസ് ബൈബിൾ ക്വിസ് മത്സരത്തിൽ കേരളത്തിനുപുറത്തുനിന്നു പങ്കെടുത്തവരിൽ ഏറ്റവും കൂടുതൽ മാർക്കു നേടിയ മാണ്ഡ്യാ രൂപതയിലെ ശ്രീമതി നിമ ലിന്റോയ്ക്ക് അഭിവന്ദ്യ പീറ്റർ അബീർ പിതാവ് സ്വർണമെഡൽ നല്കി ആദരിച്ചു.

---

# ബൈബിൾ കലോത്സവം

കെ സി ബി സി ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന അഖില കേരള ബൈബിൾ കലോത്സവം 2019 ഡിസംബർ 28–29 തീയതികളിൽ എറണാകുളം അതിരൂപതയിലെ റിന്യൂവൽ സെന്ററിൽ സംഘടിപ്പിക്കുന്നു.

# പി.ഒ.സി. ബൈബിൾ റേഡിയോയിൽ

ലോകമെമ്പാടുമുള്ളവർക്ക് സദാസമയവും ദൈവവചനം ശ്രവിക്കാൻ സഹായിക്കുന്ന ഇന്റർനെറ്റ് റേഡിയോ സംവിധാനം അമേരിക്കയിലെ ഡിവൈൻ വിഷൻ നെറ്റ്‌വർക്ക് തയ്യാറാക്കി കൊണ്ടിരിക്കുന്നു. പി ഒ സി ഓഡിയോ ബൈബിളും ഈ ഇന്റർനെറ്റ് ചാനലിൽ ലഭ്യമായിരിക്കും.

---

# KCBS- ന്റെ പുതിയ പ്രസിദ്ധീകരണങ്ങൾ










റവ. ഡോ. ജോഷി മയ്യാറ്റിൽ രചിച്ച 'സങ്കീർത്തന സപര്യ 2.0', റവ. ഡോ. ആന്റണി തറേക്കടവിൽ രചിച്ച 'പ്രവാചകപഥങ്ങളിലൂടെ', റവ. ഡോ. തെരേസ നടുപ്പടവിൽ എസ്.എ.ബി.എസ്സ് രചിച്ച 'പഴയനിയമത്തിലെ ചരിത്രവഴികൾ' എന്നീ പുസതകങ്ങൾ 2018ൽ ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ചു.

---

# ലൂമെൻ ഷോർട്ട് ഫിലിം ഫെസ്റ്റ്



ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'ലൂമെൻ' ഹ്രസ്വചിത്രമത്സരം സംഘടിപ്പിക്കപ്പെട്ടു. ഫാ. രഞ്ജിത്ത് കപ്പൂച്ചിൻ നിർമിച്ച 'ദയാലു' ഒന്നാം സ്ഥാനത്തിന് അർഹമായി. കെ.സി.ബി.സി. ബൈബിൾ സൊസൈറ്റിയുടെ സംസ്ഥാനതല ലോഗോസ് ക്വിസ് സമാപനസമ്മേളനത്തിൽ ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മോസ്റ്റ് റവ. ഡോ. പീറ്റർ അബീർ ഷോർട്ട് ഫിലിം ജേതാക്കൾക്കെല്ലാം സമ്മാനങ്ങൾ വിതരണം ചെയ്തു.